SYRO-MALABAR VISION
A NEWSLETTER PUBLISHED WITH THE APPROVAL OF THE SYRO-MALABAR SYNOD

# സീറോമലബാർ വിഷൻ

നവംബർ 2022 | പുസ്തകം 02 | ലക്കം 01 സീറോമലബാർ സിനഡിന്റെ അംഗീകാരത്തോടെ പ്രസിദ്ധീകരിക്കുന്ന വാർത്താപത്രം

## ലഹരിക്കെതിരെ ജാഗ്രത പുലർത്തണം: മാർ ആലഞ്ചേരി



കാക്കനാട്: മയക്കുമരുന്ന് വിപണനവും ഉപഭോഗവും സംബന്ധിച്ച് ഈ അടുത്ത നാളുകളിലായി പുറത്തുവന്നുകൊണ്ടിരിക്കുന്ന വിവരങ്ങൾ നമ്മുടെ നാട് ലഹരിയുടെ അടിമത്തത്തിലേക്ക് നീങ്ങുകയാണ് എന്ന അപകടകരമായ യാഥാർഥ്യം വെളിപ്പെടുത്തുന്നുണ്ട്. നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ 2021ലെ റിപ്പോർട്ട് അനുസരിച്ച് N-D-P-S-(നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപ്പിക് സബ് സ്റ്റൻസസ്) ആക്ട് പ്രകാരം കേസുകൾ ചാർജ്ജ് ചെയ്യപ്പെട്ട് ഇന്ത്യയിലെ ജയിലുകളിൽ കഴിയുന്നത് 27,072 പേരാണ്. ജനസംഖ്യയുടെ കാര്യത്തിൽ പതിമൂന്നാം സ്ഥാനമുള്ള കേരളസംസ്ഥാനം ലഹരി സംബന്ധമായ കേസുകളുടെ എണ്ണത്തിൽ ഇന്ത്യയിൽ ആറാം സ്ഥാനത്താണ്. ഈ വർഷം ഓഗസ്റ്റ് 29 വരെ 16,128 ലഹരികേസുകൾ സംസ്ഥാനത്ത് രജി സ്റ്റർ ചെയ്തിട്ടുള്ളതായാണ് ബഹു. മുഖ്യമന്ത്രി നിയമസഭയെ അറിയിച്ചത്. മുൻ വർഷത്തേക്കാൾ മൂന്നിരട്ടിയോളം കേസുകളുടെ വർദ്ധനവ് ലഹരി ഉപയോഗം കനത്തതോതിൽ സംസ്ഥാനത്ത് വ്യാപകമാകുന്നു എന്നത് വെളിവാക്കുന്നുണ്ട്. 2020ൽ മാത്രം ലഹരിയുമായി ബന്ധപ്പെട്ട കേസുകളിൽ കേരളത്തിൽ പിടിയിലായ നാലായിരത്തോളം പേരിൽ 917 പേർ 21 വയസിൽ താഴെയുള്ളവരാണ്. ഇത് ലഹരി ഉപയോഗിക്കുന്നവരിലും വിപണനം ചെയ്യുന്നവരിലും കുട്ടികളുടെയും യുവതീയുവാക്കളുടെയും എണ്ണം കേരളത്തിൽ വർധിച്ചുകൊണ്ടിരിക്കുന്നു എന്നതിന് തെളിവാണ്. ഈ പശ്ചാത്തലത്തിലാണ് കുട്ടികളും യുവതലമുറയും ഉൾപ്പെടെയുള്ള പൊതുസമൂഹത്തിലെ വലിയൊരു വിഭാഗത്തെ നശിപ്പിച്ചുകൊണ്ടിരിക്കുന്ന മയക്കുമരുന്ന് എന്ന സാമൂഹ്യതിന്മയെ കുറിച്ച് നാം കൂടുതൽ ഗൗരവമായി ചിന്തിക്കുന്നത്. ലഹരിയുടെ അടിമത്തം ഏതാനും വ്യക്തികളെ മാത്രം ബാധിക്കുന്ന പ്രശ്നമല്ല, മറിച്ച് കുടുംബങ്ങളെ സവിശേഷമായും പൊതുസമൂഹത്തെ മുഴുവനായും അതീവദോഷകരമായി ബാധിക്കുന്നതാണ്. ഈ ഗുരുതരമായ സാമൂഹ്യവിപത്തിനെ നേരിടാൻ, ശരിയായ അപഗ്രഥനത്തിലധിഷ്ഠിതമായ ഒരു പൊതു അവബോധം രൂപപ്പെടേണ്ടതുണ്ട്. അത്തരമൊരു ലക്ഷ്യത്തോടുകൂടി ഈ സാമൂഹ്യ വിപത്തിന്റെ ഭീകരതയെ

(ശേഷം 9-ാം പേജിൽ)

## ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് സിബിസിഐ പ്രസിഡൻറ്

ബംഗളൂരു: ഭാരത കത്തോലിക്കാ മെത്രാൻ സമിതി (സിബിസിഐ) പ്രസിഡൻറായി തൃശൂർ ആർച്ച്ബിഷപ്പും എറണാകുളം-അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററുമായ മാർ ആൻഡ്രൂസ് താഴത്ത് തെരഞ്ഞെടുക്കപ്പെട്ടു. മദ്രാസ്-മൈലാപ്പൂർ ആർച്ച്ബിഷപ് ഡോ. ജോർജ് അന്തോണിസാമി, ബത്തേരി ബിഷപ് ജോസഫ് മാർ തോമസ് എന്നിവരാണ് പുതിയ വൈസ് പ്രസിഡൻറുമാർ. മഹാരാഷ്ട്രയിലെ വസായ് രൂപതാധ്യക്ഷനായ ഡോ. ഫെലിക്സ് മച്ചാഡോയാണു സെക്രട്ടറി ജനറൽ. ബംഗളൂരു സെൻറ് ജോൺസ് നാഷണൽ അക്കാദമി ഓഫ് ഹെൽത്ത് സയൻസസ് ഓഡിറ്റോറിയത്തിൽ നടന്ന സിബിസിഐയുടെ 35ാം പ്ലീനറി സമ്മേളനമാണ് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തത്. 75 വയസ് പ്രായപരിധി വത്തിക്കാനിൽ നിന്ന് നിബന്ധനയുള്ളതിനാൽ പദവി ഏറ്റെടുക്കുന്നില്ല എന്ന് സീറോമലബാർ സഭാ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി അറിയിച്ചതിനെ തുടർന്നാണ് മാർ താഴത്തിനെ തിരഞ്ഞെടുത്തത്. മുമ്പ് സിബിസിഐയുടെ വൈസ് പ്രസിഡൻറായി പ്രവർത്തിച്ചിട്ടുള്ള ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് കെസിബിസി സെക്രട്ടറി ജനറലായും പ്രസിഡൻറായും കെസിബിസി വിദ്യാഭ്യാസ കമ്മീഷൻ ചെയർമാനായും പ്രവർത്തിച്ചിട്ടുണ്ട്. കത്തോലിക്കാസഭയുടെ നിയമങ്ങൾ വിശകലനം ചെയ്യുന്ന വത്തിക്കാനിലെ പൊന്തിഫിക്കൽ കൗൺസിൽ ഫോർ ലെജിസ്‌ലേറ്റീവ് ടെക്സ്റ്റ്സ് മെംബറായി 2021ൽ ഫ്രാൻസിസ് മാർപാപ്പ മാർ ആൻഡ്രൂസ് താഴത്തിനെ നിയമിച്ചിരുന്നു. ലോകപ്രശസ്തനായ കാനൻ നിയമ വിദഗ്ധൻകൂടിയാണ് മാർ ആൻഡ്രൂസ് താഴത്ത്.



## സീറോമലബാർ സഭയിൽ മൂന്ന് പുതിയ സഹായമെത്രാന്മാർ

കാക്കനാട്: സീറോമലബാർ സഭയിൽ മൂന്ന് പുതിയ സഹായമെത്രാന്മാർ കൂടി നിയമിതരായി. മാനന്തവാടി രൂപതയുടെ സഹായമെത്രാനായി ഫാ. അലക്സ് താരാമംഗലത്തിനെയും, ഷംഷാബാദ് രൂപതയുടെ സഹായമെത്രാന്മാരായി ഫാ. ജോസഫ് കൊല്ലംപറമ്പിലിനെയും ഫാ.തോമസ് പാടിയത്തിനെയുമാണ് മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി നിയമിച്ചത്. സീറോമലബാർ സഭയുടെ മുപ്പതാമത് സിനഡിന്റെ രണ്ടാം സമ്മേളനത്തിലാണ് ഇവരെ മെത്രാന്മാരായി സിനഡ് പിതാക്കന്മാർ തെരഞ്ഞെടുത്തത്. ഇവരുടെ തെരഞ്ഞെടുപ്പ് നടക്കുന്നതിന് മുൻപായി ഇവരെ മെത്രാന്മാരായി നിയമിക്കുന്നതിനുള്ള മാർപാപ്പയുടെ സമ്മതം വത്തിക്കാൻ സ്ഥാനപതിവഴി ലഭിച്ചിരുന്നു.

മെത്രാൻ സിനഡിന്റെ സമാപന ദിവസമായ ആഗസ്റ്റ് 25ാം തീയതി സിനഡ് പിതാക്കന്മാരുടെ സാന്നിധ്യത്തിൽ നടന്ന ചടങ്ങിൽ


മാർ അലക്സ് താരാമംഗലം


മാർ ജോസഫ് കൊല്ലംപറമ്പിൽ


മാർ തോമസ് പാടിയത്ത്


വെച്ച് നിയുക്ത മെത്രാന്മാരുടെ പ്രഖ്യാപനം നടന്നു. ഷംഷാബാദ് രൂപതയുടെ സഹായ മെത്രാന്മാരായി മാർ ജോസഫ് കൊല്ലംപറമ്പിലും മാർ തോമസ് പാടിയത്തും ഒക്ടോബർ 9ന് അഭിഷിക്തരായി. ഷംഷാബാദിലെ ബാഡംഗ്പേട്ട് ബാലാജി നഗറിലുള്ള സികെആർ ആൻഡ് കെടിആർ കൺവൻഷൻ സെൻററിൽ പ്രത്യേകം സജ്ജമാക്കിയ വേദിയിൽ സീറോമലബാർ സഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ കൈവയ്പിലൂടെയാണ് ഇരുവരും അഭിഷിക്തരായത്.

നവംബർ 1ന് മാനന്തവാടി രൂപതയുടെ പ്രഥമ സഹായമെത്രാനായി മാർ അലക്സ് താരാമംഗലം അഭിഷിക്തനായി. രാവിലെ ഒൻപതോടെ ദ്വാരക പാസ്റ്ററൽ സെൻററിൽ ആരംഭിച്ച തിരുക്കർമങ്ങൾക്ക് തലശേരി ആർച്ച്ബിഷപ് മാർ ജോസഫ് പാംപ്ലാനി മുഖ്യകാർമികനായിരുന്നു. തുടർന്നുള്ള അനുമോദന സമ്മേളനത്തിൽ സീറോമലബാർ സഭ കാര്യാലയം വൈസ് ചാൻസലർ ഫാ.ഏബ്രാഹം കാവിൽപുരയിടത്തിൽ, മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ അനുമോദന സന്ദേശം വായിച്ചു.

ഇതോടെ സീറോമലബാർ സഭയിൽ ശുശ്രൂഷ ചെയ്യുന്നവരും വിരമിച്ചവരുമായി മെത്രാന്മാരുടെ എണ്ണം 65 ആയി.

## മാർ ജോയി ആലപ്പാട്ട്
### ചിക്കാഗോ രൂപതാ മെത്രാൻ

ചിക്കാഗോ: അമേരിക്കയിലെ ചിക്കാഗോ സെൻറ് തോമസ് രൂപതയുടെ രണ്ടാമത്തെ മെത്രാനായി ബിഷപ് മാർ ജോയി ആലപ്പാട്ടിനെ പരിശുദ്ധപിതാവ് ഫ്രാൻസിസ് മാർ പാപ്പ നിയമിച്ചു. നിയമനവിവരം അപ്പസ്തോലിക് നൂൺഷ്യോ ആർച്ചു ബിഷപ് ലെയോപോൾദോ ജിറേല്ലി മേജർ ആർച്ച്ബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരിയെ പ്രത്യേക സന്ദേശം വഴി അറിയിച്ചു. ജൂലൈ മൂന്നാം തിയതി ഇറ്റാലിയൻ സമയം പന്ത്രണ്ടുമണിക്കു റോമിലും ഇന്ത്യൻ സമയം വൈകുന്നേരം 3.30ന് സീറോമലബാർ സഭയുടെ ആസ്ഥാനകാര്യാലയമായ മൗണ്ട് സെൻറ് തോമസിലും



ചിക്കാഗോയിലെ രൂപതാ ആസ്ഥാനത്തു രാവിലെ 6 മണിക്കും ഇതു സംബന്ധിച്ച പ്രഖ്യാപനങ്ങൾ നടന്നു. ചിക്കാഗോ സെൻറ് തോമസ് സീറോമലബാർ രൂപതയുടെ സഹായമെത്രാനായി സേവനം ചെയ്തുവരികയായിരുന്നു മാർ ജോയി ആലപ്പാട്ട്. സ്ഥാനാരോഹണം ഒക്ടോബർ 1ന് ചിക്കാഗോ മാർ തോമാസ് കത്തീഡ്രലിൽ വെച്ച് നടന്നു.

# സീറോമലബാർ വിഷൻ

## എഡിറ്റോറിയൽ

### മാധ്യമ ജാഗ്രത

1980ൽ പ്രസിദ്ധീകൃതമായ ആൽവിൻ ടോഫ്ളറുടെ ‘ദ തേർഡ് വേവ്’ (Alvin Toffler, *The Thrid Wave*) എന്ന ഗ്രന്ഥത്തിൽ മാധ്യമ അതിപ്രസരത്തിൽ അഭിരമിക്കുന്ന ആധുനിക മനുഷ്യനെ ദിശയറിയാതെ ആഴക്കടലിലകപ്പെട്ട ഒരു തോണിയോട് ഉപമിക്കുന്നുണ്ട്. മനുഷ്യജീവിതത്തിന്റെ അവശ്യഘടകമായി മാറിയ മൊബൈൽ ഫോണും കമ്പ്യൂട്ടറും ടി.വി.യും സാമൂഹ്യമാധ്യമങ്ങളും വിനോദ-വിജ്ഞാന മേഖലകളെ മാത്രമല്ല പ്രത്യുത മനുഷ്യന്റെ അഭിരുചികളെയും മൂല്യബോധത്തെയും ചിന്താധാരകളെയും ജീവിതശൈലികളെയും കീഴടക്കിയിരിക്കുന്നു. ദ്രുതഗതിയിലുള്ള മാറ്റത്തിൽ പകച്ചുനിൽക്കാതെ പിടിച്ചുകയറാൻ ശ്രമിക്കുന്നവർക്ക് മാത്രമേ നിലനിൽക്കാനാകൂ. “ആധുനിക സമൂഹത്തിൽ വാർത്താവിതരണം, സാംസ്കാരിക പരിപോഷണം, സാംസ്കാരിക രൂപീകരണം എന്നിവയിൽ സാമൂഹിക സമ്പർക്കമാധ്യമങ്ങൾ സുപ്രധാനമായ പങ്കുവഹിക്കുന്നുണ്ട്. സാങ്കേതിക-വിദ്യാപരമായ പുരോഗതി, വിനിമയം ചെയ്യപ്പെടുന്ന വാർത്തകളുടെ വ്യാപ്തിയും വൈവിധ്യവും, പൊതുജനാഭിപ്രായത്തിന്മേൽ അത് ചെലുത്തുന്ന സ്വാധീനം എന്നിവ ഫലമായി സമ്പർക്കമാധ്യമങ്ങളുടെ പങ്ക് വർധിച്ചുവരികയാണ്” (*കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം*, 2493).

പൊതുനന്മയ്ക്കുവേണ്ടി മാധ്യമങ്ങളെ ഉപയോഗിക്കണമെന്നും; സത്യം, സ്വാതന്ത്ര്യം, നീതി, സഹാനുഭാവം എന്നീ അടിസ്ഥാന മൂല്യങ്ങളിൽ ഊന്നി രക്ഷയുടെ സന്ദേശം പ്രചരിപ്പിക്കണമെന്നും ‘ഇന്റർ മിരിഫിക്ക’ (*Inter Mirifica*) എന്ന ഡിക്രിയിലൂടെ രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നു. വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ 1998ലെ മാധ്യമദിനസന്ദേശത്തിൽ “സത്യസന്ധമായ ആശയവിനിമയത്തിന്റെ യും ക്രിയാത്മക ആശയങ്ങളുടെയും സുഭദ്രമായ മൂല്യങ്ങളുടെയും സംവേദനത്തിലൂടെ വാർത്തെടുക്കുന്ന വേദിയായി മാധ്യമലോകം മാറണം” എന്ന് ആഹ്വാനം ചെയ്തു. “മാധ്യമങ്ങളുടെ സാധ്യതകളെ സുവിശേഷവത്കരണത്തിനായി ഉപയോഗിച്ചില്ലെങ്കിൽ സഭ അവളുടെ നാഥന്റെ മുൻപിൽ കുറ്റക്കാരിയായി ഗണിക്കപ്പെടും” എന്ന് 1976ൽ ‘ഇവാഞ്ചലി നുൻസിയാന്തി’ (*Evangelii Nuntiandi*) എന്ന അപ്പസ്തോലിക് പ്രബോധനത്തിലൂടെ പോൾ ആറാമൻ മാർപാപ്പ പ്രവചിച്ചിട്ടുണ്ട്.

ജനാധിപത്യത്തിന്റെ മിടിപ്പായ മാധ്യമമേഖലയെ രാഷ്ട്രീയ പാർട്ടികളും, വൻകിട കോർപറേറ്റുകളും, മതവർഗീയ സംഘടനകളും കീഴടക്കിയിരിക്കുന്നതിനാൽ സത്യസന്ധമായ വാർത്തകൾക്ക് പകരം വ്യക്തിതാത്പര്യപ്രകാരം വാർത്തകൾ സൃഷ്ടിക്കപ്പെടുന്നു (paid news) എന്ന് പൊതുസമൂഹം ആശങ്കപ്പെടുന്നു. മാധ്യമദുഃസ്വാതന്ത്ര്യവും ഭരണകൂട അടിച്ചമർത്തലും ഒരുപോലെ അപകടകരമാണ്. വെറുപ്പ്, വിദ്വേഷം, വർഗീയത, രാജ്യവിരുദ്ധത, അശ്ലീലം, അപകീർത്തി, വിശ്വാസവിരുദ്ധത എന്നിവ പടർത്തുകയും വ്യക്തിഹത്യയിലൂടെയും വാസ്തവവിരുദ്ധമായ വിവരങ്ങളിലൂടെയും, തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങളിലൂടെയും, സാമൂഹ്യമാധ്യമങ്ങളിലെ വ്യാജ അക്കൗണ്ടുകളിലൂടെയും പൊതുബോധത്തെ സ്വാധീനിക്കാൻ നടക്കുന്ന സംഘടിത ശ്രമങ്ങളെ തിരിച്ചറിയണം. അനിയന്ത്രിതമായ കച്ചവടതാല്പര്യങ്ങളും, റേറ്റിംഗ് വർധിപ്പിക്കാനുള്ള സെൻസേഷനിസവും നവോത്ഥാനത്തിന്റെ ദീപശിഖകളായി പ്രശോഭിച്ചിരുന്ന മാധ്യമ മേഖലയ്ക്ക് കളങ്കമാകുന്നുണ്ട്.

സാമൂഹിക സമ്പർക്ക മാധ്യമങ്ങളിലൂടെയുള്ള ആശയവിനിമയം കേവലം വൈകാരികോദ്ദീപനമോ, കുറ്റകൃത്യങ്ങളുടെ നിറംപിടിപ്പിച്ച കഥകളോ, കച്ചവട താല്പര്യങ്ങളോ അല്ല ലക്ഷ്യം വയ്ക്കേണ്ടത്. നീതിയിലും സ്നേഹത്തിലും അധിഷ്ഠിതമായ മനുഷ്യകുലത്തെ വാർത്തെടുക്കുവാനുള്ള പരിശ്രമങ്ങളിലുള്ള പങ്കാളിത്തവും നേതൃത്വവും മാധ്യമങ്ങൾ ഏറ്റെടുക്കുമ്പോഴാണ് അവ പ്രത്യാശയുടെ പ്രകാശഗോപുരങ്ങളാകുന്നത്. ജാഗ്രതയോടെയുള്ള മാധ്യമ ഉപയോഗത്തിലൂടെ പുതുലോക സൃഷ്ടിയിൽ നമുക്കും പങ്കുകാരാകാം.



**ഫാ. ആന്റണി വടക്കേകര വി.സി.**
ചീഫ് എഡിറ്റർ, സീറോമലബാർ വിഷൻ

# ആർച്ചുബിഷപ്പ് ആൻഡ്രൂസ് താഴത്ത് അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ

കാക്കനാട്: എറണാകുളം-അങ്കമാലി അതിരൂപതയ്ക്കുവേണ്ടിയുള്ള മേജർ ആർച്ചുബിഷപ്പിന്റെ വികാരി ആർച്ചുബിഷപ്പ് ആൻറണി കരിയിലിന്റെ രാജി സ്വീകരിച്ച ഫ്രാൻസിസ് മാർപാപ്പ അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി ആർച്ചുബിഷപ്പ് ആൻഡ്രൂസ് താഴത്തിനെ നിയമിച്ചു. ഇതുസംബന്ധിച്ച പ്രഖ്യാപനം ജൂലൈ 30 ശനിയാഴ്ച ഇറ്റാലിയൻ സമയം ഉച്ചയ്ക്ക് 12ന് വത്തിക്കാനിലും ഉച്ചകഴിഞ്ഞ് 3.30ന് സഭാകാര്യാലയമായ മൗണ്ട് സെന്റ് തോമസിലും എറണാകുളം-അങ്കമാലി അതിരൂപതയുടെ ആസ്ഥാനത്തും നടന്നു. അതിരൂപതയുടെ പുതിയ ഭരണ സംവിധാനത്തെക്കുറിച്ചുള്ള അറിയിപ്പ് ജൂലൈ 29 വെള്ളിയാഴ്ച്ച ഡൽഹിയിൽനിന്ന് അപ്പസ്തോലിക് ന്യൂൺഷോ ആർച്ചുബിഷപ്പ് ലെയോപോൾദോ ജിറേല്ലി മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരിക്കു നൽകിയിരുന്നു. തൃശൂർ അതിരൂപതയുടെ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പിന്റെ സ്ഥാനത്തു തുടർന്നുകൊണ്ടായിരിക്കും മാർ ആൻഡ്രൂസ് താഴത്ത് എറണാകുളംഅങ്കമാലി അതിരൂപതയിൽ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററുടെ ചുമതല നിർവ്വഹിക്കുന്നത്.

പൗരസ്ത്യ സഭാനിയമത്തിലെ 234ാം നമ്പർ കാനൻ അനുസരിച്ചാണ് സേദെ പ്ലേന (*sede plena*) അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററെ നിയമിച്ചുകൊണ്ടുള്ള ഉത്തരവ് പൗരസ്ത്യ സഭകൾക്കായുള്ള കാര്യാലയത്തിന്റെ അധ്യക്ഷൻ കർദിനാൾ ലെയണാർദോ സാന്ദ്രി നൽകിയിരിക്കുന്നത്. ഒരു രൂപതാമെത്രാന്റെ അവകാശങ്ങളോടും ഉത്തരവാദിത്വങ്ങളോടുംകൂടിയാണ് അതിരൂപതയിൽ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ പ്രവർത്തിക്കുന്നത്. മേജർ ആർച്ചുബിഷപ്പിനോടും സിനഡിനോടും ആലോചന തേടാമെങ്കിലും അതിരൂപതയുടെ ഭരണനിർവ്വഹണത്തിൽ പരി. സിംഹാസനത്തോടാണ് അഡ്മിനിസ്ട്രേറ്റർ നേരിട്ട് ഉത്തരവാദിത്വപ്പെട്ടിരിക്കുന്നത്.

# മാർ ജേക്കബ് മുരിക്കന്റെയും മാർ ആന്റണി കരിയിലിന്റെയും രാജി സ്വീകരിച്ചു



കാക്കനാട്: പാലാ രൂപതയുടെ സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ 2022 ആഗസ്റ്റ് 16ന് സമർപ്പിച്ച രാജി പെർമനന്റ് സിനഡിന്റെ അനുവാദപ്രകാരം മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി സ്വീകരിച്ചു. 2017 മുതൽ ആശ്രമജീവിതത്തിലേക്കുള്ള ആഭിമുഖ്യം മാർ ജേക്കബ് മുരിക്കൻ പ്രകടമാക്കിയിരുന്നെങ്കിലും പരി. സിംഹാസനത്തിന്റെ നിർദ്ദേശം കൂടി കണക്കിലെടുത്ത് പിതാവിനോട് മെത്രാൻ ശുശ്രൂഷയിൽ തുടരാൻ ആവശ്യപ്പെടുകയായിരുന്നു. എന്നാൽ, സഹായമെത്രാൻ സ്ഥാനത്തുനിന്നുമാറി ആശ്രമ ജീവിതത്തിലേക്ക് പ്രവേശിക്കാനുള്ള തന്റെ തീരുമാനം അറിയിച്ചുകൊണ്ട് ബിഷപ്പ് മുരിക്കൻ കാനൻ നിയമപ്രകാരം മേജർ ആർച്ച്ബിഷപ്പിന് രാജി സമർപ്പിക്കുകയായിരുന്നു. ബിഷപ്പ് മുരിക്കന്റെ രാജി സ്വീകരിച്ചുകൊണ്ടുള്ള തീരുമാനം മേജർ ആർച്ച്ബിഷപ് പരി. സിംഹാസനത്തെ അറിയിക്കുകയും ആഗസ്റ്റ് 25ന് രാജി പ്രാബല്യത്തിൽ വരുമെന്ന് പരി. സിംഹാസനം അറിയിക്കുകയും ചെയ്തു.



എറണാകുളം-അങ്കമാലി അതിരൂപതയ്ക്കുവേണ്ടിയുള്ള മേജർ ആർച്ച്ബിഷപ്പിന്റെ വികാരി എന്ന നിലയിൽ സേവനമനുഷ്ഠിച്ചിരുന്ന അഭിവന്ദ്യ മാർ ആന്റണി കരിയിൽ പിതാവ് ഫ്രാൻസിസ് മാർപാപ്പയുടെ നിർദ്ദേശപ്രകാരം ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതി ആർച്ച്ബിഷപ് ലിയോപോൾദോ ജിറേല്ലിക്ക് രാജി സമർപ്പിച്ചു. സീറോമലബാർ സഭയുടെ മെത്രാൻ സിനഡിന്റെ സെക്രട്ടറി എന്ന നിലയിലും മാണ്ഡ്യ രൂപതാധ്യക്ഷൻ എന്ന നിലയിലും, എറണാകുളം-അങ്കമാലി അതിരൂപതയ്ക്കു വേണ്ടിയുള്ള മേജർ ആർച്ച്ബിഷപ്പിന്റെ വികാരി എന്ന നിലയിലും അഭിവന്ദ്യ പിതാവു ചെയ്ത സേവനങ്ങൾ ശ്ലാഘനീയമാണ്.

## യാത്രാമംഗളങ്ങൾ



**FR. ALEX ONAMPALLY**
SECRETARY, SYRO-MALABAR MEDIA COMMISSION
CHIEF EDITOR, SYRO-MALABAR VISION
(JULY 2020 - MAY 2022)



**DR. FRANCIS PITTAPILLIL**
SECRETARY, SYRO-MALABAR LITURGY COMMISSION
(JANUARY 2015 - OCTOBER 2022)

## സ്വാഗതം



**DR. ANTONY VADAKKEKARA V.C.**
P.R.O. & SECRETARY, SYRO-MALABAR MEDIA COMMISSION
CHIEF EDITOR, SYRO-MALABAR VISION



**DR. JIPHY MEKKATTUKULAM**
SECRETARY, SYRO-MALABAR LITURGY COMMISSION

സീറോമലബാർ വിഷൻ
EDITORIAL BOARD

PATRON
MAR GEORGE CARDINAL ALENCHERRY
Major Archbishop

ADVISORY BOARD
MAR JOSEPH PAMPLANY
Chairman, Media Commission
MAR PAULY KANNOOKADAN
Episcopal Member, Media Commission
MAR SEBASTIAN VANIYAPURACKAL
Episcopal Member, Media Commission

CHIEF EDITOR
FR. ANTONY VADAKKEKARA VC
PRO & Secretary, Media Commission

ASSOCIATE EDITOR
FR. ABRAHAM KAVILPURAYIDATHIL
Vice-chancellor

MANAGING EDITOR
FR. SEBY KOLANGARA
Executive Director, Internet Mission

CONSULTANTS
DR. CHACKO KALAMPARAMBIL
PROF. KOCHURANI JOSEPH
ADV. AGI JOSEPH

DESIGN & LAYOUT
EBY THOMAS
Office Staff, Media Commission

# അവശതയുള്ളവരെ ചേർത്തുപിടിക്കുക: കർദിനാൾ ആലഞ്ചേരി

കാക്കനാട്: സീറോമലബാർസഭയുടെ സാമൂഹ്യ സേവന പുരസ്കാരങ്ങൾ സമ്മാനിച്ചു. സമൂഹത്തിൽ അവശതയനുഭവിക്കുന്നവരെ ചേർത്തുപിടിച്ച് അവസരോചിതമായ സഹായമെത്തിക്കുവാൻ മുന്നിട്ടിറങ്ങിയ മൂന്ന് സഭാമക്കളെ സീറോമലബാർസഭാ ആസ്ഥാനത്ത് സഭാതലവനും പിതാവുമായ മേജർ ആർച്ച്ബിഷപ് അഭിവന്ദ്യ കർദിനാൾ മാർ ജോർജ് ആലഞ്ചേരിയാണ് ആദരിച്ചത്. സീറോമലബാർ സാമൂഹ്യ പ്രേഷിതപ്രസ്ഥാനമായ 'സ്പന്ദൻ' ചെയർമാൻ മാർ പോളി കണ്ണൂക്കാടൻ പിതാവ് അധ്യക്ഷത വഹിച്ചു. വൈസ് ചെയർമാൻ മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് മൂവരെയും പൊന്നാടയണിയിച്ചു. സീറോമലബാർ സഭയിലെ



സിനഡ് പിതാക്കന്മാരെല്ലാവരും കൂരിയയിലെ വൈദികരോടും അവാർഡ് ജേതാക്കളുടെ പ്രിയപ്പെട്ടവരോടുമൊപ്പം തദവസരത്തിൽ സന്നിഹിതരായിരുന്നു.

പുരസ്കാരജേതാക്കൾ: രൂപതാവൈദികരുടെ വിഭാഗത്തിൽ ഫാ. ജോസഫ് ചിറ്റൂർ (മാനന്തവാടി രൂപത), സന്യസ്തരുടെ വിഭാഗത്തിൽ സി.ലിസ്സെറ്റ് ഡി.ബി.എസ് (ജഗ്ദൽപൂർ രൂപത), അല്മായ വിഭാഗത്തിൽ കോട്ടയം നവജീവൻ ട്രസ്റ്റിന്റെ സാരഥി പി.യു. തോമസ് (ചങ്ങനാശ്ശേരി അതിരൂപത) എന്നിവർ അവാർഡുകൾ ഏറ്റുവാങ്ങി. ചിക്കാഗോ സെന്റ് തോമസ് രൂപത സമ്മാനിക്കുന്ന അരലക്ഷം രൂപ വീതവും ഫലകവും അടങ്ങുന്നതാണ് പുരസ്കാരം. സ്പന്ദൻ ചീഫ് കോർഡിനേറ്റർ ഫാ. ജേക്കബ് മാവുങ്കൽ ചടങ്ങിൽ കൃതജ്ഞതയർപ്പിച്ചു.

# സീറോമലബാർസഭയുടെ പ്രഥമ പൗരസ്ത്യരത്നം അവാർഡ് മാർ ജോസഫ് പൗവത്തിലിന് സമ്മാനിച്ചു

ചങ്ങനാശ്ശേരി: സീറോമലബാർ ആരാധനക്രമകമ്മീഷൻ ഏർപ്പെടുത്തിയ പൗരസ്ത്യരത്നം അവാർഡിനു ആർച്ചുബിഷപ്പ് എമിരിത്തൂസ് മാർ ജോസഫ് പൗവത്തിൽ അർഹനായി. സീറോമലബാർ സഭയുടെ തനതായ പൗരസ്ത്യപാരമ്പര്യങ്ങൾ പുനരുദ്ധരിക്കുന്നതിലും സഭാത്മക ആധ്യാത്മികത വളർത്തിയെടുക്കുന്നതിലും അതുല്യമായ സംഭാവനകൾ നല്കാൻ ആർച്ചുബിഷപ്പ് എമിരിത്തൂസ് മാർ ജോസഫ് പൗവത്തിലിനു കഴിഞ്ഞുവെന്ന് സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ ജോർജ് ആലഞ്ചേരി പ്രസ്താവിച്ചു. വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ ദീർഘകാലം ആരാധനക്രമപ്രൊഫസ്സറായിരുന്ന ഡോ. തോമസ് മണ്ണൂരാംപറമ്പിൽ ഏർപ്പെടുത്തിയിട്ടുള്ള പൗരസ്ത്യരത്നം അവാർഡ് ചങ്ങനാശ്ശേരി അതിരൂപതയുടെ മുൻ ആർച്ചുബിഷപ്പ് മാർ ജോസഫ് പൗവത്തിലിനു സമ്മാനിച്ചുകൊണ്ടു സംസാരിക്കുകയായിരുന്നു മാർ ജോർജ് ആലഞ്ചേരി. സീറോമലബാർ ആരാധനക്രമകമ്മീഷൻ ചെയർമാൻ മാർ തോമസ് ഇലവനാൽ, മാർ പോളി കണ്ണൂക്കാടൻ, മാർ ജോർജ് മഠത്തിക്കണ്ടത്തിൽ, മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ, ഫാ. ഫ്രാൻസിസ് പിട്ടാപ്പിള്ളിൽ എന്നിവരായിരുന്നു അവാർഡ് നിർണ്ണയകമ്മിറ്റി അംഗങ്ങൾ. പൗരസ്ത്യ ആരാധനക്രമദൈവശാസ്ത്രം, ആരാധനക്രമകല, ആരാധനക്രമ സംഗീതം എന്നിവയിൽ ഏതെങ്കിലും തലത്തിൽ സംഭാവനകൾ നൽകിയവരെയാണ് അവാർഡിനായി പരിഗണിച്ചത്. സഭയുടെ തനതായ പാരമ്പര്യങ്ങൾ വീണ്ടെടുക്കുന്നതിലും കാത്തുസൂക്ഷിക്കുന്നതിലും ആരാധനക്രമത്തെ സംബന്ധിച്ചു ദൈവജനത്തിന്റെ ഇടയിൽ അവബോധം വളർത്തുന്നതിലും അമൂല്യമായ സംഭാവനകൾ നൽകാൻ ആർച്ചുബിഷപ്പ് മാർ ജോസഫ് പൗവത്തിലിനു സാധിച്ചുവെന്ന് അവാർഡ് കമ്മിറ്റി വിലയിരുത്തി. അമ്പതിനായിരം രൂപയും പ്രശസ്തിപത്രവും അടങ്ങുന്ന അവാർഡ് മേജർ ആർച്ചുബിഷപ്പ് മാർ ജോർജ് ആലഞ്ചേരി ചങ്ങനാശ്ശേരി മെത്രാസനമന്ദിരത്തിലെ ഹാളിൽ നടന്ന പൊതുസമ്മേളത്തിൽവച്ചു മാർ ജോസഫ് പൗവത്തിലിനു സമ്മാനിച്ചു. ചങ്ങനാശ്ശേരി അതിരൂപത ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം ഏവർക്കും സ്വാഗതം ആശംസിക്കുകയും ഷംഷാബാദ് രൂപതയുടെ സഹായമെത്രാൻ മാർ തോമസ് പാടിയത്ത് അവാർഡ് ജേതാവിനെ സദസ്സിനു പരിചയ



പ്പെടുത്തുകയും ചെയ്തു. ബംഗ്ലാദേശിലെ അപ്പസ്തോലിക് നൂൺഷ്യോ ആയിരുന്ന ആർച്ചുബിഷപ്പ് ജോർജ് കോച്ചേരി വേദിയിൽ ഉപവിഷ്ഠനായിരുന്നു. സീറോമലബാർ ആരാധനക്രമകമ്മീഷൻ അംഗമായ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ മാർ ജോസഫ് പൗവത്തിലിനെ പൊന്നാട അണിയിക്കുകയും ഡോ. തോമസ് മണ്ണൂരാംപറമ്പിൽ ബൊക്കെ നൽകുകയും ചെയ്തു. ആരാധനക്രമകമ്മീഷൻ സെക്രട്ടറി ഫാ. ഫ്രാൻസിസ് പിട്ടാപ്പിള്ളിൽ സദസ്സിനു കൃതജ്ഞത അർപ്പിച്ചു. അതിരൂപത സഹായമെത്രാൻ മാർ തോമസ് തറയിൽ, വികാരിജനറാൾ മോൺ. ജോസഫ് വാണിയപ്പുരയ്ക്കൽ, മാർത്തോമ വിദ്യാനികേതൻ ഡയറക്ടർ ഡോ. തോമസ് കറുകക്കളം മെത്രാസനമന്ദിരത്തിലെ ബഹു. വൈദികർ തുടങ്ങിയവർ ചടങ്ങുകൾക്കു നേതൃത്വം നല്കി.

കേരളസഭാ നവീകരണം

## വിമലഹൃദയ പ്രതിഷ്ഠ നടത്തി



കൊച്ചി: കെസിബിസിയുടെ ആഭിമുഖ്യത്തിൽ കേരളസഭാ നവീകരണ വർഷാചരണത്തിൻറെ ഭാഗമായുള്ള വിമല ഹൃദയ പ്രതിഷ്ഠ പാലാരിവട്ടം പിഒസിയിൽ നടത്തി. ഫ്രാൻസിസ് പാപ്പാ ആഹ്വാനം ചെയ്ത സിനഡാത്മക സഭ യാഥാർഥ്യമാക്കപ്പെടുന്നതിന് ഒരുമിച്ചു നടക്കുന്ന പ്രക്രിയ ശക്തമാക്കപ്പെടണമെന്നു കെസിബിസി പ്രസിഡൻറ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി ഓർമിപ്പിച്ചു. സഭയെന്നാൽ മാമ്മോദീസാ സ്വീകരിച്ച എല്ലാവരുടെയും സജീവമായ ഒത്തുചേരലാണ്. ഒരുതരത്തിലുമുള്ള വേർതിരിവുകൾ ഈ കൂട്ടായ്മയിൽ ഉണ്ടാകുന്നില്ലെന്നും കർദിനാൾ പറഞ്ഞു.


ആരും മുന്നിലുമല്ല പിന്നിലുമല്ല; ഒരുമിച്ചാണ് നടക്കുന്നത്. നമ്മെ നയിക്കുന്നതാകട്ടെ യേശുക്രിസ്തുവും. പരിശുദ്ധ കന്യകാമറിയം ഈശോയെ ലോകത്തിനു നൽകുക മാത്രമല്ല, അവിടത്തോടൊപ്പം രക്ഷാകര യാത്രയിൽ പങ്കാളിയായിക്കൊണ്ട് ക്രിസ്തുവിൻറെ സഹനത്തെ തൻറേതുകൂടിയായി പരിണമിപ്പിക്കുകയാണ് ചെയ്തത്. അപ്രകാരം ക്രിസ്തുവിൻറെ സഹനത്തിൽ നമുക്കും പങ്കുകാരാകാം എന്ന് അമ്മ പഠിപ്പിച്ചു. മാതാവിൻറെ വിമലഹൃദയത്തിന് കേരളസഭയെ പ്രതിഷ്ഠിക്കുമ്പോൾ കേരളസഭയ്ക്ക് അമ്മയുടെ സംരക്ഷണം ലഭിക്കുന്നു എന്നു മാത്രമല്ല അമ്മയെപ്പോലെ ക്രിസ്തുരഹസ്യത്തിൻറെ ഭാഗഭാക്കുകളായി തീരുന്നതിനും നമുക്കു കഴിയും. ഈ നവീകരണകാലം നമ്മെ സംബന്ധിച്ചിടത്തോളം പരിശുദ്ധ കന്യകാമറിയത്തോടൊപ്പമുള്ള ക്രിസ്ത്വാനുകരണമായി ഭവിക്കട്ടെയെന്നും മാർ ആലഞ്ചേരി പറഞ്ഞു.

സീറോമലബാർ വിഷനിലേക്ക് രൂപതാ / സമർപ്പിതസമൂഹ വാർത്തകൾ അയക്കാൻ ആഗ്രഹിക്കുന്നവർ താഴെ കൊടുത്തിരിക്കുന്ന ഐഡിയിലേക്ക് മെയിൽ അയക്കുകയോ, നമ്പറിലേക്ക് വാട്ട്സാപ്പ് മെസേജ് അയക്കുകയോ ചെയ്യാവുന്നതാണ്.

email: syromalabarvision@gmail.com
whatsapp: +91 8089552280

സീറോമലബാർ വിഷൻ

## ഷെവലിയർ വി.സി. സെബാസ്റ്റ്യൻ വീണ്ടും സിബിസിഐ ലെയ്റ്റി കൗൺസിൽ സെക്രട്ടറി



ന്യൂഡൽഹി: കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇന്ത്യ (സിബിസിഐ)യുടെ ലെയ്റ്റി കൗൺസിൽ സെക്രട്ടറിയായി ഷെവലിയർ വി.സി. സെബാസ്റ്റ്യനെ വീണ്ടും ചുമതലപ്പെടുത്തി. ബാംഗ്ലൂർ സെൻറ് ജോൺസ് മെഡിക്കൽ കോളജ് ഓഡിറ്റോറിയത്തിൽ ചേർന്ന സിബിസിഐയുടെ 142മത് സ്റ്റാൻഡിംഗ് കമ്മിറ്റിയാണ് ലെയ്റ്റി കൗൺസിൽ സെക്രട്ടറിയായി സെബാസ്റ്റ്യനെ വീണ്ടും നിയമിച്ചത്. 2025 ഒക്ടോബർ 14 വരെയാണ് കാലാവധി. ഇൻഫാം ദേശീയ സെക്രട്ടറി ജനറലും രാഷ്ട്രീയ കിസാൻ മഹാസംഘിന്റെ സൗത്ത് ഇന്ത്യ കൺവീനറും കേരള കാത്തലിക് എൻജിനിയറിംഗ് കോളജ് മാനേജ്മെൻറ്സ് അസോസിയേഷന്റെ എക്സിക്യൂട്ടീവ് സെക്രട്ടറിയുമാണ് വി.സി.സെബാസ്റ്റ്യൻ.

സീറോമലബാർ സഭ അൽമായ കമ്മീഷൻറെ പ്രഥമ സെക്രട്ടറിയായിരുന്ന സെബാസ്റ്റ്യന് സഭാ പ്രവർത്തനങ്ങൾക്ക് കത്തോലിക്കാസഭ ആഗോളതലത്തിൽ നൽകുന്ന ഉന്നത അല്മായ അംഗീകാരമായ ഷെവലിയർ പദവി 2013 ഡിസംബറിൽ ലഭിച്ചു.

# നൈജീരിയയിൽ 80 ക്രൈസ്തവരെ തട്ടിക്കൊണ്ടുപോയി



അബൂജ: നൈജീരിയയിൽ രണ്ട് വ്യത്യസ്തയിടങ്ങളിലെ ക്രൈസ്തവ ആരാധനാലയങ്ങൾ ആക്രമിച്ച് ആയുധധാരികൾ പള്ളിയിലെ പുരോഹിതനെയും എൺപതിലധികം വിശ്വാസികളെയും തട്ടിക്കൊണ്ടുപോയി. നൈജറിലും കഡുനയിലുമായിരുന്നു അതിക്രമങ്ങൾ. നൈജറിലെ സുലേജയിൽ മാലാഖമാരുടെ പള്ളി ആക്രമിച്ച ആയുധധാരികൾ രാത്രികാല ആരാധനയ്ക്കായി എത്തിയ ഒരു ഡസനിലേറെ വിശ്വാസികളെയാണ് തട്ടിക്കൊണ്ടുപോയത്. അക്രമിസംഘത്തിൽ ഫുലാനി ഇടയന്മാരും ഉള്ളതായി ദൃക്സാക്ഷികൾ വ്യക്തമാക്കിയെന്ന് റിപ്പോർട്ടുകളുണ്ട്. പുരോഹിതനെയും ഏതാനും വിശ്വാസികളെയുമാണ് കടത്തിക്കൊണ്ടുപോയത്. സുലേജയിലെ പട്ടാളബാരക്കിൽനിന്ന് സൈന്യം എത്തിയെങ്കിലും അക്രമികൾ കടന്നുകളഞ്ഞു. പിറ്റേന്നാണ് കഡുനയിലെ കാസ്വാൻമഗാനിയിലുള്ള പള്ളിയിലെ ആക്രമണം. രാത്രികാല പ്രാർഥനയ്ക്കെത്തിയ 57 വിശ്വാസികളെയാണ് അക്രമികൾ തട്ടിക്കൊണ്ടുപോയത്. ഒരു ഡസനോളം ആളുകൾ രക്ഷപ്പെട്ടുവെങ്കിലും 43 പേർ ഇപ്പോഴും പിടിയിലാണെന്ന് ക്രിസ്ത്യൻ അസോസിയേഷൻ ഓഫ് നൈജീരിയയുടെ കഡുന സംസ്ഥാന ചെയർമാൻ റവ. ജോൺ ജോസഫ് ഹയാബ് പറഞ്ഞു. വൻതുകയാണ് മോചനദ്രവ്യമായി ആവശ്യപ്പെടുന്നതെന്നും അദ്ദേഹം പറഞ്ഞു. കഴിഞ്ഞവർഷം രാജ്യത്ത് 4,650 ക്രൈസ്തവരാണു കൊല്ലപ്പെട്ടതെന്ന് ക്രൈസ്തവ സന്നദ്ധസംഘടനയായ ഓപ്പൺഡോർസിൻറെ റിപ്പോർട്ടിൽ പറയുന്നു.

## വിശ്വാസപരിശീലകർക്കുള്ള രൂപവത്കരണസഹായി



കാക്കനാട്: വിശ്വാസ പരിശീലകർക്കായി മലയാളത്തിലും ഇംഗ്ലീഷിലുമുള്ള പുസ്തകങ്ങൾ മെത്രാൻ സിൻഡിനോടനുബന്ധിച്ചു നടന്ന ചടങ്ങിൽ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി ആർച്ച്ബിഷപ് മാർ മാത്യു മൂലക്കാട്ട്, ആർച്ച്ബിഷപ് മാർ ജോസഫ് പെരുന്തോട്ടം എന്നീ പിതാക്കന്മാർക്ക് നൽകി പ്രകാശനം ചെയ്തു. പുസ്തകപ്രകാശനച്ചടങ്ങിന് വിശ്വാസപരിശീലന കമ്മീഷൻ സെക്രട്ടറി റവ. ഡോ. തോമസ് മെൽവെട്ടത്ത് നേതൃത്വം നൽകി.

## ലിറ്റർജിക്കൽ റിസർച്ച് സെൻറർ പബ്ലിക്കേഷൻസിന്റെ 33ാമത്തെ പുസ്തകം പ്രകാശനം ചെയ്തു



കാക്കനാട്: ലിറ്റർജിക്കൽ റിസർച്ച് സെൻറർ പബ്ലിക്കേഷൻസിന്റെ 33ാമത്തെ, റവ. ഡോ. പീറ്റർ കണ്ണമ്പുഴ എഡിറ്റ് ചെയ്ത "Liturgical Year: Its history, theology and celebration in the east syriac tradition" എന്ന പുസ്തകം സീറോമലബാർ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പ്രകാശനം ചെയ്തു. LRC ചെയർമാൻ മാർ ടോണി നീലങ്കാവിൽ, മുൻ ചെയർമാൻ മാർ പോളി കണ്ണൂക്കാടൻ, ലിറ്റർജി കമ്മീഷൻ ചെയർമാൻ മാർ തോമസ് ഇലവനാൽ, LRC എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജോജി കല്ലിങ്കൽ, സെക്രട്ടറി സിസ്റ്റർ ലിൻസി അഗസ്റ്റിൻ MSMI എന്നിവർ സന്നിഹിതരായിരുന്നു.

## സത്യസന്ധമായ നീതിനിർവ്വഹണം കാലഘട്ടത്തിൻറെ ആവശ്യം: മാർ മാത്യൂ മൂലക്കാട്ട്



കാക്കനാട്: സത്യസന്ധമായ നീതിനിർവ്വഹണം കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് 2022 സെപ്റ്റംബർ 28ാം തീയതി മൗണ്ട് സെൻറ് തോമസിൽ വച്ച് നടത്തപ്പെട്ട സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ കോടതിയിലെ ഉദ്യോഗസ്ഥരുടെയും രൂപതകളിലെ കോടതികളുടെ അധ്യക്ഷന്മാരായ ജുഡീഷ്യൽ വികാരിമാരുടെയും സംയുക്ത യോഗം ഉദ്ഘാടനം ചെയ്ത് മാർ മാത്യു മൂലക്കാട്ട് പറഞ്ഞു. നമ്മുടെ ഇപ്പോഴത്തെ സംവിധാനം അനുസരിച്ച് ഓരോ രൂപതകളിലും വരുന്ന കേസ് അവിടെത്തന്നെ തീർപ്പാക്കുന്ന സാഹചര്യമായതുകൊണ്ട് കേസിന്റെ വിധി പറയുമ്പോൾ വളരെ സൂക്ഷ്മതയോടും ഔദാര്യത്തോടും കൂടി ആയിരിക്കണമെന്ന് മാർ മൂലക്കാട്ട് ആഹ്വാനം ചെയ്തു. കാനൻനിയമസംഹിതയുടെയും രാഷ്ട്രനീതിന്യായവ്യവസ്ഥയുടെയും ചൈതന്യമനുസരിച്ച് വിശ്വാസികൾ തങ്ങളുടെ ഇടയിലെ തർക്കങ്ങൾ നീതിനിഷ്ഠമായും സമാധാനപരമായും പരിഹരിക്കുവാൻ ആഗ്രഹിക്കുമ്പോൾ അതിന് കാലതാമസം വരുത്താതെ സത്യസന്ധമായി നീതി നിർവ്വഹിക്കണമെന്ന് പിതാവ് ഓർമിപ്പിച്ചു. സഭയുടെ നീതിനിർവ്വഹണദൗത്യത്തിൽ സത്യസന്ധതയോടൊപ്പം മാനുഷികതയും കാത്തുസൂക്ഷിക്കണമെന്നും എല്ലാവരെയും കരുണയോടെ കേൾക്കണമെന്നും കൂരിയാബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ ആഹ്വാനം ചെയ്തു. മേജർ ആർക്കിഎപ്പിസ്കോപ്പൽ ട്രൈബ്യൂണൽ പ്രസിഡൻറ് ഫാ. തോമസ് ആദോപ്പിള്ളിൽ സ്വാഗതവും വൈസ് പ്രസിഡന്റ് ഫാ. ജോസഫ് മുകളെപറമ്പിൽ നന്ദിയും പറഞ്ഞു. ഫാ. തോമസ് ആദോപ്പിള്ളിൽ, ഫാ. ജോസഫ് മുകളേപറമ്പിൽ, ഫാ. സെബാസ്റ്റ്യൻ മുട്ടംതൊട്ടിൽ MCBS, സിസ്റ്റർ ജിഷ ജോബ് MSMI എന്നിവർ സമ്മേളനത്തിന് നേതൃത്വം നൽകി.

## ആരാധനക്രമം സഭയുടെ പൊതുപൈതൃകം: കർദിനാൾ മാർ ജോർജ് ആലഞ്ചേരി



കൊച്ചി: ആരാധനക്രമം സഭയുടെ പൊതുപൈതൃകമാണെന്നു സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ ജോർജ് ആലഞ്ചേരി പ്രസ്താവിച്ചു. കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ചു നടന്ന സീറോമലബാർ സെന്റട്രൽ ലിറ്റർജി കമ്മിറ്റി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മാർ ആലഞ്ചേരി. എല്ലാ രൂപതകളിലെയും വൈദികരുടെ പ്രതിനിധികളും സന്യസ്ത അല്മായ പ്രതിനിധികളും ദൈവശാസ്ത്രആരാധനക്രമപണ്ഡിതരും ഉൾക്കൊള്ളുന്നതാണ് സെൻട്രൽ ലിറ്റർജിക്കൽ കമ്മിറ്റി. സീറോമലബാർസഭയുടെ ആരാധനക്രമഗ്രന്ഥങ്ങൾ തയ്യാറാക്കുന്നതിലും സഭാത്മക ആധ്യാത്മികത വളർത്തിയെടുക്കുന്നതിലും സെന്റട്രൽ ലിറ്റർജി കമ്മിറ്റി നിർണായകപങ്കുവഹിക്കുന്നുവെന്ന് കർദിനാൾ പറഞ്ഞു. ലിറ്റർജിയെ സഭയുടെ പ്രവൃത്തിയായി മനസ്സിലാക്കി അവയെ വിശ്വസ്തതയോടെ പരികർമം ചെയ്യാൻ വൈദികർ കടപ്പെട്ടിരിക്കുന്നു. നമ്മൾ ലിറ്റർജിയുടെ രചയിതാക്കാളോ, ഉടമകളോ അല്ലെന്നും പ്രത്യുത സൂക്ഷിപ്പുകാർ മാത്രമാണെന്നുള്ള യാഥാർഥ്യം എളിമയോടെ അംഗീകരിക്കണം. ആത്മപ്രചോദിതമായ ഒരു താത്കാലികരചനയിലേക്ക് തരംതാണുപോകത്തക്ക രീതിയിലുള്ള പൊതുസ്വാതന്ത്ര്യം ലിറ്റർജിയുടെ ഘടനയോട് ചേർന്നുപോവുകയില്ല. ആയതിനാൽ സഭയുടെ പൊതുസമ്പത്തായ ലിറ്റർജിയെ കറകൂടാതെയും ചുളിവുകൂടാതെയും അതിന്റെ തനിമയിലും വിശുദ്ധിയിലും കാത്തുസൂക്ഷിക്കാൻ സഭാമക്കൾ കടപ്പെട്ടിരിക്കുന്നുവെന്നും അദ്ദേഹം ഓർമിപ്പിച്ചു. സീറോമലബാർ ആരാധനക്രമകമ്മീഷൻ ചെയർമാൻ മാർ തോമസ് ഇലവനാൽ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. ആരാധനക്രമകമ്മീഷൻ അംഗങ്ങളായ മാർ പോളി കണ്ണൂക്കാടൻ, മാർ ജോർജ് മഠത്തിക്കത്തിൽ, കൂരിയബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. എട്ടുവർഷത്തെ സേവനത്തിനുശേഷം വടവാതൂർസെമിനാരിയിലേക്കു സ്ഥലം മാറിപ്പോകുന്ന ആരാധനക്രമകമ്മീഷൻ സെക്രട്ടറി ഫാ. ഫ്രാൻസിസ് പിട്ടാപ്പിള്ളിക്കു യാത്രയപ്പും പുതിയതായി നിയമിതരായിരിക്കുന്ന സെക്രട്ടറി ഫാ. ജിഫി മേക്കാട്ടുകുളത്തിനും അസിസ്റ്റന്റ് സെക്രട്ടറി ഫാ. ക്രിസ്റ്റി പള്ളിക്കുന്നത്തിനും സ്വാഗതവും നല്കി. ആരാധനക്രമകമ്മീഷൻ അസിസ്റ്റന്റ് സെക്രട്ടറി ഫാ. ജേക്കബ് കിഴക്കേവീട് സദസ്സിനു സ്വാഗതവും ഫാ. ക്രിസ്റ്റി കപ്പൂച്ചിൻ കൃതജ്ഞതയും അർപ്പിച്ചു. സി. ഡാലിയ എം.എസ്.എം.ഐ, ശ്രീ. ബോണി ബെന്നി തുടങ്ങിയവർ ചടങ്ങുകൾക്കു നേതൃത്വം നല്കി.

## സീറോമലബാർ മിഷൻ ക്വിസ് നവംബർ 20ലേക്ക് മാറ്റിവെച്ചു

കാക്കനാട്: സീറോമലബാർ മിഷൻ ഓഫീസും, വിശ്വാസപരിശീലന വിഭാഗവും സംയുക്തമായി നടത്തിയ MISSION QUEST 2022 ചില സാങ്കേതിക കാരണങ്ങളാൽ പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ നവംബർ 20 ഞായറാഴ്ച്ച വൈകീട്ട് 6 മണിക്ക് മത്സരം വീണ്ടും നടത്താൻ തീരുമാനമായി. പങ്കാളിത്ത ബാഹുല്യം മൂലം സെർവർ തകരാറിലാവുകയും അതുമൂലം ഒരുപാട് മത്സരാർത്ഥികൾക്ക് ക്വിസിൽ പങ്കെടുക്കാൻ സാധിക്കാതാവുകയും ചെയ്തതോടെയാണ് മത്സരം പുനഃക്രമീകരിക്കാൻ തീരുമാനമായത്. ഉത്തമപങ്കാളിത്തത്തിനായി ഓരോരുത്തരും നടത്തുന്ന പരിശ്രമങ്ങളെ അഭിനന്ദിക്കുന്നുവെന്നും സാങ്കേതിക തകരാറുകൾ പരിഹരിച്ച് നവംബർ 20ന് നടത്തുന്ന മത്സരത്തിൽ എല്ലാവരും പങ്കെടുക്കണമെന്നും സീറോമലബാർ മിഷൻ സെക്രട്ടറി ഫാ. കുര്യാക്കോസ് അഴകത്ത് അറിയിച്ചു.

## വൈദികജീവിതനവീകരണം കാലഘട്ടത്തിന്റെ ആവശ്യം: മേജർ ആർച്ച്ബിഷപ് മാർ ആലഞ്ചേരി



കാക്കനാട്: സീറോമലബാർസഭയുടെ ആസ്ഥാന കാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ പത്തുദിവസം നീണ്ടുനിന്ന യുവവൈദികർക്കായുള്ള തുടർപരിശീലനപരിപാടികൾ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്തു. വൈദികരുടെ ശുശ്രൂഷകൾ കാലഘട്ടത്തിനനുസൃതമായ രീതിയിൽ ക്രമപ്പെടുത്തുന്നതിന്റെ ആവശ്യകതയെകുറിച്ച് മേജർ ആർച്ച്ബിഷപ് ഉദ്ഘാടന പ്രസംഗത്തിൽ ഊന്നിപറഞ്ഞു. എല്ലാ ശുശ്രൂഷകളും പ്രേക്ഷിത ആഭിമുഖ്യത്തിൽ ഏറ്റെടുക്കണമെന്നും അവയിലൂടെ സുവിശേഷവത്കരണം തീക്ഷണതയോടെ തുടരണമെന്നും, അല്ലെങ്കിൽ വൈദികശുശ്രൂഷകൾ അപ്രസക്തമാകുമെന്നും കർദിനാൾ യുവവൈദികരെ ഓർമ്മപ്പെടുത്തി. വൈദികർക്ക് വേണ്ടിയുള്ള കമ്മീഷന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട പരിപാടിയിൽ വിവിധ രൂപതകളിൽനിന്നുള്ള നാൽപതോളം യുവവൈദികർ പങ്കെടുത്തു. കമ്മീഷൻ ചെയർമാൻ മാർ ജോർജ് മഠത്തികണ്ടത്തിൽ, സെക്രട്ടറി ഫാ. ജോജി കല്ലിങ്ങൽ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## പ്രതിസന്ധികളെ അവസരങ്ങളാക്കുക: മാർ കല്ലറങ്ങാട്ട്



പാലാ: യുവത്വത്തിന്റെ ചുറുചുറുക്കിനെ ഏറെ പ്രണയിച്ച പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ തിരുനാളിനോടാനുബന്ധിച്ച് 2022 ഒക്ടോബർ 23ന് എസ്.എം.വൈ.എം സംസ്ഥാന സമിതിയുടെ യുവജന ദിനാഘോഷം സംഘടിപ്പിക്കപ്പെട്ടു. എസ്.എം.വൈ.എം പാലാ രൂപതയുടെ ആതിഥേയത്വത്തിൽ പാലാ സെന്റ്. തോമസ് കത്തീഡ്രൽ ദേവാലയത്തിൽ നടത്തപ്പെട്ട യുവജന ദിനാഘോഷത്തിൽ എസ്.എം.വൈ.എം സംസ്ഥാന പ്രസിഡന്റ് വിശാഖ് തോമസ് അധ്യക്ഷത വഹിച്ചു. പ്രതിസന്ധികളെ തരണം ചെയ്ത് ഒറ്റക്കെട്ടായി മുന്നേറാൻ യുവജനങ്ങൾ തയ്യാറാകണമെന്ന് ഉദ്ബോധിപ്പിച്ചുകൊണ്ട് പാലാ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം നിർവ്വഹിച്ചു. കേരള സംസ്ഥാന ജലവിഭവവകുപ്പ് മന്ത്രി ശ്രീ. റോഷി അഗസ്റ്റിൻ മുഖ്യപ്രഭാഷണവും, സീറോമലബാർസഭയുടെ യൂത്ത് കമ്മീഷൻ ചെയർമാനും കോട്ടയം രൂപതയുടെ സഹായ മെത്രാനുമായ അഭിവന്ദ്യ മാർ ജോസഫ് പണ്ടാരശ്ശേരിയിൽ അനുഗ്രഹ പ്രഭാഷണവും നടത്തി. 13 രൂപതകളിൽ നിന്നായി എഴുന്നൂറോളം യുവജനങ്ങൾ പങ്കെടുത്ത യുവജനദിനാഘോഷത്തിൽ കെ.സി.വൈ.എം സംസ്ഥാന പ്രസിഡന്റ് ഷിജോ ഇടയാടി എസ്.എം.വൈ.എം സംസ്ഥാന ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്തറ, ജനറൽ സെക്രട്ടറി സാം സണ്ണി, വൈസ് പ്രസിഡന്റ് അമല റേച്ചൽ തുടങ്ങിയവർ സംസാരിച്ചു. പരമ്പരാഗത കലകളുടെ സംഗമവേദിയായ യുവജന ദിനാഘോഷത്തിന് എസ്.എം.വൈ.എം സംസ്ഥാന ഭാരവാഹികളായ അഡ്വ. സ്റ്റെഫി കെ റെജി, ജിബിൻ ജോർജ്, ഗ്രീഷ്മ ജോയൽ, ബ്ലെസൺ തോമസ്, റ്റെസിൻ തോമസ്, അഡ്വ. സാം സണ്ണി, സി. ജിൻസി MSMI, പാലാ രൂപത പ്രസിഡന്റ് ജോസഫ് കിണറ്റുകര, ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, കത്തീഡ്രൽ വികാരി ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ, രൂപതമേഖലയൂണിറ്റ് ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

# സീറോമലബാർ സഭയുടെ സിനഡനന്തര സർക്കുലർ



സീറോമലബാർസഭയുടെ 30-ാമതു സിനഡിന്റെ രണ്ടാം സമ്മേളനം മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി തിരിതെളിച്ച് ഉദ്ഘാടനം ചെയ്യുന്നു. കൂരിയ ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരക്കൽ സിനഡ് സെക്രട്ടറി മാർ ജോസഫ് പാംപ്ലാനി എന്നിവർ സമീപം.

**സീറോമലബാർ സഭയുടെ 30-ാം സിനഡിന്റെ രണ്ടാം സമ്മേളനം ആഗസ്റ്റ് 16 മുതൽ 25 വരെ സഭാകാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്നു. സഭയെയും സമൂഹത്തെയും ബാധിക്കുന്ന നിരവധി വിഷയങ്ങൾ സിനഡിൽ ചർച്ചാ വിഷയമായി.**

നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികം സമുചിതമായ രീതിയിൽ വിവിധ രൂപതകളിൽ ആചരിക്കുന്നതിൽ സിനഡ് സംതൃപ്തി രേഖപ്പെടുത്തി. ഈശോമിശിഹായ്ക്ക് സാക്ഷ്യം വഹിക്കുക എന്നത് രക്തസാക്ഷിത്വത്തിന് കാരണമാണെന്ന് മാർതോമാശ്ലീഹായുടെ ജീവിതമാതൃക നമ്മെ പഠിപ്പിക്കുന്നുണ്ട്. വിശ്വാസത്തിന്റെ പേരിൽ ഭാരതത്തിൽ ക്രൈസ്തവർ അനുഭവിക്കുന്ന പീഡനങ്ങളെയും വിവേചനങ്ങളെയും ഈ രക്തസാക്ഷിത്വത്തിന്റെ പശ്ചാത്തലത്തിലാണ് നാം മനസ്സിലാക്കേണ്ടത്. വിശ്വാസ വഴികളിലെ പ്രതിസന്ധികളിൽ നഷ്ടധൈര്യരാകാതിരിക്കാനും പ്രേഷിതപ്രവർത്തനങ്ങൾക്കായി പുനരർപ്പണം ചെയ്യാനും മാർതോമാശ്ലീഹായുടെ രക്തസാക്ഷിത്വസ്മരണ നമ്മെ ശക്തിപ്പെടുത്തും.

## കർഷകരും തീരദേശവാസികളും

കുടിയേറ്റ കർഷകരും തീരദേശവാസികളും സമാനതകളില്ലാത്ത സങ്കടങ്ങളിലൂടെയും ആശങ്കകളിലൂടെയുമാണ് കടന്നുപോകുന്നത് എന്ന് സിനഡ് വിലയിരുത്തി. ബഫർസോൺ സംബന്ധിച്ച സുപ്രീം കോടതിയുടെ വിധിയിൽ കർഷകർ അനുഭവിക്കുന്ന ആശങ്കകൾ പരിഹരിക്കുന്ന വിധത്തിൽ ഇടപെടൽ നടത്തുന്നതിൽ സർക്കാർ ഗുരുതരമായ വീഴ്ച വരുത്തുന്നത് ദുഃഖകരമാണ്. 1977ന് മുൻപ് പട്ടയം ലഭിച്ച കുടിയേറ്റ കർഷകരെ വനം കയ്യേറിയവരായി ചിത്രീകരിച്ച് പരമോന്നത നീതിപീഠത്തിനുമുന്നിൽ കേരളസർക്കാർ നൽകിയ സത്യവാങ്മൂലം കുടിയേറ്റ കർഷകരോടുള്ള വെല്ലുവിളിയായിട്ടാണ് കർഷകർ മനസ്സിലാക്കുന്നത്. കർഷകരുടെ ആവശ്യങ്ങളോട് എന്നും വൈമുഖ്യം പുലർത്തിയിട്ടുള്ള വനംവകുപ്പിനെ മാത്രം ഈ കേസിന്റെ നടത്തിപ്പിനായി നിയോഗിച്ചതുതന്നെ അടിസ്ഥാനപരമായ പാളിച്ചയാണ്. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൃഷി, റെവന്യൂ വകുപ്പുകൾ കൂടി ഉൾപ്പെടുന്ന സമിതിയെ കേസിന്റെ നടത്തിപ്പിനായി നിയോഗിക്കണമെന്ന് സീറോമലബാർ സഭാസിനഡ് കേരളസർക്കാറിനോട് ആവശ്യപ്പെടുകയാണ്. നിഷ്പക്ഷമായ നീതി നടപ്പിലാക്കാൻ നിർദ്ദിഷ്ട ബഫർസോൺ പ്രദേശങ്ങളിലെ ജനപ്രതിനിധികളെക്കൂടി സമിതിയിൽ ഉൾപ്പെടുത്തണം. കർഷകരുടെ കൃഷിയിടങ്ങളൊന്നും ബഫർസോൺ ആയി പ്രഖ്യാപിക്കപ്പെടുന്ന മേഖലയിൽ ഉൾപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്താൻ സർക്കാരിനു കഴിയണം. കുത്തക മുതലാളിമാർക്കുവേണ്ടി കുടിയിറക്കപ്പെടുന്ന വിഴിഞ്ഞത്തെ തീരദേശവാസികളുടെ സമരത്തിന് സീറോമലബാർസഭ പൂർണ്ണ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു. വികസനത്തിന്റെ പേരിൽ തീര ദേശവാസികളുടെ വാസസ്ഥലവും ഉപജീവനമാർഗ്ഗവും നഷ്ടമായിട്ട് വർഷങ്ങളായി. വിഴിഞ്ഞം തുറമുഖത്തിന്റെ പേരിൽ കുടിയിറക്കപ്പെട്ടവരെ പുനരധിവസിപ്പിക്കാനും മത്സ്യബന്ധനമേഖലയിലെ പ്രതിസന്ധികൾ പരിഹരിക്കാനും സർക്കാർ ആത്മാർത്ഥതയോടെ ഇടപെടണം. അതിജീവനത്തിനായി പൊരുതുന്ന തീര ദേശവാസികളുടെ സമരത്തിന്റെ ആത്മാർത്ഥതയെ ചോദ്യംചെയ്യുന്ന രീതിയിലുള്ള പ്രസ്താവനകൾ ഉത്തരവാദപ്പെട്ടവരുടെ ഭാഗത്തുനിന്നുണ്ടാകുന്നത് അപലപനീയമാണ്. പ്രളയക്കെടുതിയിൽ വൻതോതിൽ കൃഷിനാശം സംഭവിച്ച കുട്ടനാട്ടിലെ കർഷകരുടെയും, പ്രകൃതിക്ഷോഭങ്ങളിൽ കനത്ത നാശനഷ്ടങ്ങൾ നേരിട്ട മലയോരകർഷകരുടെയും സങ്കടങ്ങൾക്ക് പരിഹാരം ആവശ്യമാണ്.

## ഞായറാഴ്ചകൾ പ്രവർത്തിദിനങ്ങളാക്കുന്നതിൽ പ്രതിഷേധം

ഫയലുകൾ തീർപ്പാക്കുന്നതിന്റെ മറവിൽ ഞായറാഴ്ചകളെ പ്രവർത്തിദിവസങ്ങളാക്കുന്ന ഉത്തരവുകൾ സർക്കാരിന്റെ വിവിധ വകുപ്പുകളിൽനിന്ന് ആവർത്തിച്ചുണ്ടാകുന്നത് പുനഃപരിശോധിക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെടുകയാണ്. ക്രൈസ്തവരുടെ ഞായറാഴ്ച ആചരണത്തെ പരിഗണിച്ചുകൊണ്ടുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമെന്ന് പ്രത്യാശിക്കുന്നു. വിവിധ മത്സര പരീക്ഷകൾ ഞായറാഴ്ചകളിൽ ക്രമീകരിക്കുന്നത് ക്രൈസ്തവരായ പ്രവേശന അപേക്ഷകർക്ക് അവസരം നിഷേധിക്കുന്നതിനു സമാനമാണ്. നൂറ്റാണ്ടുകളായി നിലനിൽക്കുന്ന പതിവുകളെ മതേതരത്വത്തിന് വിരുദ്ധമായ ചിന്തകളോടെ മാറ്റിമറിക്കാനുള്ള ചില നിക്ഷിപ്ത താല്പര്യക്കാരുടെ നീക്കങ്ങളെ തിരിച്ചറിയാനും തിരുത്താനുമുള്ള ആർജ്ജവത്വം സർക്കാർ പ്രകടമാക്കണം.

## യാമപ്രാർത്ഥനകളുടെ നവീകരണം

നമ്മുടെ കർത്താവിന്റെ രക്ഷാകരസംഭവങ്ങളിൽ തിരുസഭയോടൊത്ത് ഓരോ യാമത്തിലും പങ്കുചേർന്നു പ്രാർത്ഥിക്കാനുള്ള അവസരമാണ് യാമപ്രാർത്ഥനകൾ പ്രദാനം ചെയ്യുന്നത്. സീറോമലബാർസഭയുടെ യാമപ്രാർത്ഥനകൾ മൂലരൂപത്തോടു വിശ്വസ്തത പുലർത്തിക്കൊണ്ടു നവീകരിക്കാനുള്ള പരിശ്രമങ്ങൾ ഒരു വ്യാഴവട്ടക്കാലമായി തുടരുകയായിരുന്നു. ശ്രമകരമായ ഈ ദൗത്യം പൂർത്തിയാക്കി നവീകരിച്ച യാമപ്രാർത്ഥനാഗ്രന്ഥത്തിന് സിനഡ് അംഗീകാരം നൽകി. യാത്രകളിലും മറ്റ് അവശ്യസന്ദർഭങ്ങളിലും ഉപയോഗിക്കാനുതകുന്ന ഹ്രസ്വരൂപത്തിലുള്ള യാമപ്രാർത്ഥനാഗ്രന്ഥവും ലഭ്യമാകും. സഭയോടു ചേർന്നു പ്രാർത്ഥിക്കാനും രക്ഷാകരഫലങ്ങൾ അനുദിനം അനുഭവിക്കാനും സഹായകമായ യാമപ്രാർത്ഥനകൾ വൈദികർക്കും സന്യസ്തർക്കും മാത്രമല്ല എല്ലാ വിശ്വാസികൾക്കും ആത്മീയവളർച്ചക്കു സഹായകമാണ്. യാമപ്രാർത്ഥനകൾ ദൈവജനത്തെ പരിശീലിപ്പിക്കാൻ അജപാലകർ പ്രത്യേകം ശ്രദ്ധിക്കണം.

## എറണാകുളം-അങ്കമാലി അതിരൂപത

എറണാകുളം-അങ്കമാലി അതിരൂപതയുടെ ഭരണച്ചുമതലയുള്ള അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ (*sede plene*) ആയി പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ തൃശ്ശൂർ അതിരൂപതയുടെ മെത്രാപ്പോലീത്തയായ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിനെ നിയമിച്ചിരിക്കുകയാണല്ലോ. തന്റെ നിയമനപത്രത്തിൽ മാർപാപ്പ വ്യക്തമാക്കിയ നിർദ്ദേശങ്ങൾക്കനുസൃതമായി അതിരൂപതയുടെ ഭരണം നിർവ്വഹിക്കാൻ താൻ പ്രതിജ്ഞാബദ്ധനാണെന്ന് അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ സിനഡിനെ അറിയിച്ചു. അതിരൂപതയുടെ കൂട്ടായ്മയും നന്മയും ലക്ഷ്യമാക്കി അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ എടുക്കുന്ന എല്ലാ നിലപാടുകൾക്കും സിനഡ് പൂർണ്ണ പിന്തുണ അറിയിച്ചു. പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ എറണാകുളം-അങ്കമാലി അതിരൂപതയ്ക്കുവേണ്ടി എടുത്ത ഈ തീരുമാനങ്ങളോട് അഭിപ്രായാന്തരങ്ങൾ മറന്ന് ഒരു മനസ്സോടെ സഹകരിക്കണമെന്ന് എറണാകുളം-അങ്കമാലി അതിരൂപതയിലെ എല്ലാ വൈദികരോടും സന്യസ്തരോടും അല്മായസഹോദരങ്ങളോടും സിനഡ് സ്നേഹപൂർവ്വംഅഭ്യർത്ഥിക്കുകയാണ്. പൈതൃകസ്നേഹത്തോടെയുള്ള മാർപാപ്പയുടെ തീരുമാനത്തിന് മുന്നിൽ വിയോജിപ്പിന്റെയും എതിർപ്പിന്റെയും ശബ്ദങ്ങൾ അവസാനിപ്പിക്കാൻ എല്ലാവരും ശ്രദ്ധിക്കണം.

(ശേഷം 10-ാം പേജിൽ)

# പറേടത്തിലച്ചൻറെ അമ്പതാം ചരമവാർഷികം ആചരിച്ചു

MCBS CONGREGATION

അതിരമ്പുഴ: ദിവ്യകാരുണ്യ മിഷനറി സഭയുടെ സ്ഥാപക പിതാക്കന്മാരിൽ ഒരാളായ ജോസഫ് പറേടത്തിലച്ചൻറെ അമ്പതാം ചരമവാർഷികം ഭക്തിനിർഭരമായി ആചരിച്ചു. അതിരമ്പുഴയിലുള്ള എംസിബിഎസ് ലിസ്യു മൈനർ സെമിനാരിയിൽ നടന്ന ആഘോഷപൂർവമായ സമൂഹബലിക്ക് കല്യാൺ ബിഷപ് മാർ തോമസ് ഇലവനാൽ മുഖ്യകാർമികത്വം വഹിച്ചു. അനുസ്മരണ പ്രാർഥനയ്ക്കു ഭദ്രാവതി ബിഷപ് മാർ ജോസഫ് അരുമച്ചാടത്ത് നേതൃത്വം നൽകി. ദിവ്യകാരുണ്യ മിഷനറി സഭ സുപ്പീരിയർ ജനറൽ ഫാ. അഗസ്റ്റിൻ പായിക്കാട്ട്, എംസിബിഎസ് എമ്മാവൂസ് പ്രൊവിൻഷ്യൽ സുപ്പീരിയർ ഫാ. ജോസഫ് ചൊവ്വേലിക്കുടിയിൽ, എംസിബിഎസ് സയൺ പ്രൊവിൻഷ്യാൾ സുപ്പീരിയർ ഫാ. മാത്യു ഓലിക്കൽ, എംസിബിഎസ് പരംപ്രസാദ് പ്രൊവിൻഷ്യാൽ കൗൺസിലർ ഫാ. ജോർജ് കണ്ണംപ്ലാക്കൽ, ഫാ. തോമസ് പറേടം എന്നിവർ സഹകാർമികരായിരുന്നു.



ഫാ. ജോസഫ് മലേപറമ്പിൽ പറേടത്തിലച്ചൻറെ ദിവ്യകാരുണ്യ സന്യാസ ദർശങ്ങളെ കോർത്തിണക്കി വചന സന്ദേശവും നൽകി. സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ അനുസ്മരണ സന്ദേശം എംസിബിഎസ് ജനറൽ കൗൺസിലർ ഫാ. ജോസഫ് പാണ്ടിയപ്പള്ളിൽ തിരുകർമങ്ങൾക്കിടയിൽ വായിച്ചു.

MSMI CONGREGATION

# ദൈവമാതാവിന്റെ ചൈതന്യത്തിൽ വജ്ര ശോഭയോടെ MSMI സന്യാസിനീസമൂഹം: കർദിനാൾ മാർ ആലഞ്ചേരി

കാക്കനാട്: പരി. കന്യകാമറിയത്തിന്റെ ജനനതിരുനാൾ ആയ സെപ്റ്റംബർ 8ന്, 60 വർഷങ്ങൾക്കുമുമ്പ് രൂപീകൃതമായ മിഷനറി സിസ്റ്റേഴ്സ് ഓഫ് മേരി ഇമ്മാക്കുലേറ്റ് (MSMI) സന്യാസിനീസമൂഹത്തിന്റെ വജ്രജൂബിലിയോട് അനുബന്ധിച്ച് സീറോമലബാർ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി സഭാ ആസ്ഥാനത്തു ശുശ്രൂഷ ചെയ്യുന്ന വൈദീകരോടൊപ്പം സിസ്റ്റേഴ്സിനുവേണ്ടി വിശുദ്ധ കുർബാന അർപ്പിച്ചു പ്രാർത്ഥിച്ചു.



ദൈവമാതാവിന്റെ ലക്ഷണമൊത്ത മക്കളായി കഴിഞ്ഞ 60 വർഷക്കാലം ശുശ്രൂഷ ചെയ്ത ങ്ങടങ്ങക സന്യാസിനീസമൂഹത്തിന്റെ മുന്നോട്ടുള്ള പ്രവർത്തനങ്ങളിൽ പരി. കന്യകാമറിയത്തിന്റെ മാദ്ധ്യസ്ഥം തുടർന്നും ഉണ്ടാകട്ടെ എന്ന് കർദിനാൾ ആശംസാ സന്ദേശത്തിൽ പറഞ്ഞു. മദർ സുപ്പീരിയർ ലിൻഡ മൈക്കിളിനും സഭാ ആസ്ഥാനത്തു ശുശ്രുഷ ചെയ്യുന്ന മറ്റു സിസ്റ്റേഴ്സിനും ഒപ്പമായിരുന്നു ജൂബിലി ആഘോഷം എന്ന് സീറോമലബാർ സഭാ മീഡിയ കമ്മീഷൻ സെക്രട്ടറി റവ. ഡോ. ആന്റണി വടക്കേകര വി. സി. വാർത്താകുറിപ്പിൽ അറിയിച്ചു.

MST CONGREGATION

## ഫാ. ജോസഫ് പുലവേലിൽ സാന്തോം ഫെലോഷിപ് ഡയറക്ടർ



പാലാ: സെൻറ് തോമസ് മിഷനറി സൊസൈറ്റി ജനറലേറ്റിൽ പ്രവർത്തിക്കുന്ന സാന്തോം ഫെലോഷിപ്പ് ആൻഡ് മിഷണറി അസോസിയേറ്റ് സിൻറെ ഡയറക്ടറായി ഫാ. ജോസഫ് പുലവേലിൽ ചുമതലയേറ്റു. തീക്ഷ്ണതയുള്ള അല്മായരെ മിഷൻ പ്രവർത്തനത്തിൽ പങ്കാളികളാക്കാൻ മിഷൻ പ്രദേശങ്ങൾ സന്ദർശിക്കുക, പ്രേഷിതപ്രവർത്തനങ്ങൾക്കായി പ്രാർഥന യും സഹായവും നൽകി മിഷണറിമാരെ പ്രോത്സാഹിപ്പിക്കുക എന്നതാണ് സാന്തോമിൻറെ ലക്ഷ്യം. എംഎസ്ടിയുടെ താമരശേരി സാന്തോം മൈനർ സെമിനാരി റെക്ടറായിരുന്ന ഫാ. പുലവേലിൽ, നേരത്തെ കാക്കനാട് മൗണ്ട് സെൻറ് തോമസിലെ സീറോ മലബാർ സഭ മിഷൻ ഫണ്ട് സെക്രട്ടറി, ഷംഷാബാദ് രൂപത വികാരി ജനറാൾ എന്നീ നിലകളിൽ സേവനം ചെയ്തിട്ടുണ്ട്.

## സിസ്റ്റർ റൂബി വർഗീസ് സിഎച്ച്എഫ് പ്രൊവിൻഷ്യാൾ

CHF CONGREGATION



കോയമ്പത്തൂർ: പാലക്കാട് മരിയൻ പ്രോവിൻസ് വിഭജിച്ച് പുതുതായി രൂപം കൊണ്ട ഹോളി ഫാമിലി ആരോഗ്യമാതാ വൈസ് പ്രോവിൻസിൻറെ സാരഥികളായി പ്രൊവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ റൂബി വർഗീസ്, വികാർ പ്രൊവിൻഷ്യാൾ സിസ്റ്റർ ലിസി മരിയ, കൗൺസിലർമാരായി സിസ്റ്റർ റോസ് ഐനിക്കൽ, സിസ്റ്റർ നിർമല, സിസ്റ്റർ ജെയ്സി മരിയ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. സിസ്റ്റർ ഹെലൻ മരിയ ഓഡിറ്റർ, സിസ്റ്റർ സുമ ജോസ്ട്രഷറർ, സിസ്റ്റർ റോസ് ജോസ് സെക്രട്ടറി എന്നിവരെ നിയമിച്ചു. രാമനാഥപുരം രൂപതയിലെ ഉക്കടത്താണു പ്രൊവിൻസിൻറെ ആസ്ഥാനം.

# ചെറുപുഷ്പ സഭയുടെ പഞ്ചാബ് രാജസ്ഥാൻ മിഷൻ സുവർണ്ണ ജൂബിലി വർഷത്തിൽ

CST CONGREGATION

രാജസ്ഥാൻ: ചെറുപുഷ്പ സഭയുടെ പഞ്ചാബ്-രാജസ്ഥാൻ ക്രിസ്തുജ്യോതി പ്രോവിൻസിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം ഏപ്രിൽ 21 വ്യാഴാഴ്ച രാജസ്ഥാനിലെ ഹനുമാൻഗഢിൽ വച്ചു നടന്നു. രാവിലെ പത്തുമണിക്ക് ലിറ്റിൽ ഫ്ളവർ ദേവാലയത്തിൽ അർപ്പിച്ച വി. കുർബാനയോടെ ആരംഭിച്ച ചടങ്ങുകളിൽ ക്രിസ്തുജ്യോതി പ്രോവിൻസ് പ്രോവിൻഷ്യൽ സുപ്പീരിയർ റവ. ഫാ. സാജു കൂത്തോടിപ്പുത്തൻപുരയിൽ സി.എസ്.റ്റി. ഏവരേയും ഔദ്യോഗികമായി സ്വാഗതം ചെയ്തു. വിശുദ്ധ കുർബാനയിൽ ജയ്പൂർ രൂപതാധ്യക്ഷൻ ബിഷപ്പ് ഓസ്വാൾഡ് ജെ ലൂയിസ് മുഖ്യ കാർമ്മികത്വം വഹിക്കുകയും ഫരീദാബാദ് രൂപതാ സഹായമെത്രാൻ മാർ ജോസ് പുത്തൻവീട്ടിൽ വചന സന്ദേശം നൽകുകയും ചെയ്തു. ജലന്തർ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ബിഷപ് ആഗ്നലോ ഗ്രേഷ്യസ്, മുൻ അജ്മീർ രൂപതാദ്ധ്യക്ഷൻ ബിഷപ് ഇഗ്നേഷ്യസ് മനേസിസ്, ചെറുപുഷ്പ സഭയുടെ സുപ്പീരിയർ ജനറൽ റവ. ഫാ. ജോജോ വരകുകാലയിൽ സി.എസ്.റ്റി., റവ. ഫാ. സാജു കൂത്തോടി പ്പുത്തൻപുരയിൽ സി.എസ്.റ്റി. മുൻ സുപ്പീരിയർ ജനറൽ ഫാ. ഫ്രാൻസിസ് കിളിവള്ളിക്കൽ എന്നിവർ സഹകാർമ്മീകത്വം വഹിച്ചു.



തുടർന്ന് ഹനുമാൻ ഗഢ് ലിറ്റിൽ ഫ്ളവർ കോൺ വെന്റ് സ്കൂളിൽ വച്ച് നടന്ന പൊതു പരിപാടിയിൽ ബിഷപ് ആഗ്നലോ ഗ്രേഷ്യസ് ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. റവ. ഫാ. ജോജോ വരകുകാലായിൽ അധ്യക്ഷനായിരുന്ന ചടങ്ങിൽ ബിഷപ് ഇഗ്നേഷ്യസ് മെനേ സിസാണ് മുഖ്യപ്രഭാഷണം നടത്തിയത്. ഫ്രാൻസിസ്കൻ ക്ളാരിസ്റ്റ് കോൺഗ്രിഗേഷൻ ജോദ്പൂർ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. അൽഫോൻസ അനുമോദന പ്രഭാഷണം നടത്തി. പ്രോവിൻഷ്യൽ കൗൺസിലർമാരായ ഫാ. സൽജ് പുരവളപ്പിൽ സി.എസ്.റ്റി സ്വാഗതം ആശംസിക്കുകയും ഫാ. ജോബി പാലാങ്കര സി.എസ്.റ്റി. കൃതജ്ഞതാ പ്രകാശനം നടത്തുകയും ചെയ്തു. ക്രിസ്തുജ്യോതി പ്രോവിൻസിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ പങ്കുചേരാൻ ധാരാളം ചെറുപുഷ്പസഭാഗംങ്ങളും പഞ്ചാബിലും രാജസ്ഥാനിലുമായി സേവനമനുഷ്ഠിക്കുന്ന വിവിധ സന്യാസ സമൂഹാഗംങ്ങളും മിഷനിലെ വിവിധ ഇടവകളിൽ നിന്നുള്ള വിശ്വാസികളും സന്നിഹിതരായിരുന്നു.

# പ്രൊവിൻഷ്യൽ ഹൗസ് അമ്മവീടായി, വേറിട്ടൊരു ജൂബിലി ആഘോഷം

SH CONGREGATION



പേരാവൂർ: തിരുഹൃദയ സന്യാസിനി സമൂ ഹത്തിൻറെ സെൻറ് ജോസഫ്സ് പ്രൊവിൻഷ്യൽ ഹൗസ് അമ്മ വീടായി വേറിട്ടൊരു ജൂബിലി ആഘോഷം. തിരുഹൃദയ സന്യാസിനി സമൂഹാംഗവും മംഗളൂരു സെന്റ് ആൻസ് കോളജിലെ രണ്ടാംവർഷ ബിഎസ്സി വിദ്യാർഥിനിയുമായ സിസ്റ്റർ അലീനയുടെ മാതാപിതാക്കളായ പുലിക്കുരുമ്പയിലെ കല്ലിടുക്കനാനിക്കൽ ബെസി തോമസിന്റെയും ഡോളി ബെസിയുടെയും വിവാഹ രജതജൂബിലി ആഘോഷമാണ് തൊണ്ടിയിലെ പ്രൊവിൻഷ്യൽ ഹൗസിൽ നടന്നത്. ബെസി തോമസിൻറെയും ഡോളിയുടെയും മകനും സിസ്റ്റർ അലീനയുടെ സഹോദരനുമായ അലൻ പത്തൊമ്പതാമത്തെ വയസിൽ 2019 ഒക്ടോബർ 29ന് പുലിക്കുരുമ്പ മണ്ടളം പള്ളിക്കു സമീപമുണ്ടായ ബൈക്കപകടത്തിൽ മരിച്ചിരുന്നു. പ്ലസ്ടു കഴിഞ്ഞ് ഓട്ടോമൊബൈൽ കോഴ്സിൻറെ പരീക്ഷാഫലം കാത്തിരിക്കുമ്പോഴാണ് അലനെ മരണം തട്ടിയെടുത്തത്. അലൻറെ മരണശേഷം കുടുംബത്തിൽ മക്കളായി അലീന മാത്രം അവശേഷിച്ചു. നിത്യവ്രതം ചെയ്യാത്ത സാഹചര്യത്തിൽ സന്യാസവൃത്തി ഉപേക്ഷിച്ച് അലീനയ്ക്കു വീട്ടിലേക്കു തിരികെപ്പോകാൻ സാഹചര്യമുണ്ടായിരുന്നു. എന്നാൽ തിരുഹൃദയ സന്യാസിനീ സമൂഹത്തിൻറെ ഭാഗമായി തുടരാൻ സിസ്റ്റർ അലീന ഉറച്ച തീരുമാനം കൈക്കൊള്ളുകയായിരുന്നു. മാതാപിതാക്കും മകളുടെ തീരുമാനത്തിനൊപ്പം നിന്നു. കുടുംബത്തെ ആശ്വസിപ്പിക്കാൻ വീട്ടിലെത്തിയ പ്രൊവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ ഡോ. ട്രീസാ പാലയ്ക്കൽ മാതാപിതാക്കളുടെ രജതജൂബിലി വർഷമാണെന്നറിഞ്ഞു. മകൻ മരിച്ച സാഹചര്യത്തിലും മകൾ സന്യാസിനിയായതിനാലും ജൂബിലി ആഘോഷം വേണ്ടെന്നു വച്ചിരിക്കുകയാണെന്ന് മനസിലാക്കി. മകനില്ലെങ്കിലും മകൾ ഉള്ള സന്യാസഭവനം അവളുടെ അമ്മവീടാണെന്ന ബോധ്യവുമായി സിസ്റ്റർ ട്രീസാ പാലയ്ക്കൽ ജൂബിലി ആഘോഷം പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്താൻ സഹപ്രവർത്തകർക്കൊപ്പം തീരുമാനമെടുക്കുകയായിരുന്നു. ബന്ധുക്കളും സുഹൃത്തുക്കളും ഒത്തുചേർന്ന ജൂബിലി ആഘോഷവേദി മനുഷ്യത്വത്തിൻറെയും നന്മയുടെയും കൂടി ആഘോഷമായി മാറി. പ്രൊവിൻഷ്യൽ ഹൗസ് ചാപ്പലിൽ നടന്ന കൃതജ്ഞതാബലിക്ക് ഫാ. ആൻറണി ആനക്കല്ലിൽ മുഖ്യകാർമികത്വം വഹിച്ചു. തുടർന്ന് പ്രൊവിൻഷ്യൽ ഹൗസ് ഹാളിൽ നടന്ന അനുമോദനസമ്മേളനം പേരാവൂർ സെൻറ് ജോ സഫ് മേജർ ആർക്കി എപ്പിസ്കോപ്പൽ ദേവാലയ വികാരി റവ. ഡോ. തോമസ് കൊച്ചുക രോട്ട് ഉദ്ഘാടനം ചെയ്തു. പ്രൊവിൻഷ്യൽ സുപ്പീരിയ സിസ്റ്റർ ഡോ. ട്രീസാ പാലയ്ക്കൽ അധ്യക്ഷത വഹിച്ചു. ഫാ. ജോർജ് തെക്കുംചേരി, ഇടവക കോഓർഡിനേറ്റർ ജോജോ കൊട്ടാരംകുന്നേൽ എന്നിവർ പ്രസംഗിച്ചു.

## കാലദേശങ്ങൾക്കതീതമായ ജീവിതദർശനം നൽകിയ വിശുദ്ധയാണു മറിയം ത്രേസ്യ: മാർ കണ്ണൂക്കാടൻ

ഇരിങ്ങാലക്കുട രൂപത



കുഴിക്കാട്ടുശേരി: ദൈവികതയുടെ പ്രചോദനാത്മകമായ ജീവിതസാക്ഷ്യവും മാനവികതയുടെ ഉദാത്തമായ മാതൃകയും നൽകിയവളാണു വിശുദ്ധ മറിയം ത്രേസ്യയെന്ന് ഇരിങ്ങാലക്കുട രൂപത ബിഷപ് മാർ പോളി കണ്ണൂക്കാടൻ. കുഴിക്കാട്ടുശേരി വിശുദ്ധ മറിയം ത്രേസ്യ ധന്യൻ ഫാ. ജോസഫ് വിതയത്തിൽ തീർഥാടനകേന്ദ്രത്തിലെ തിരുനാളിൻറെ ആഘോഷമായ ദിവ്യബലിയിൽ മുഖ്യകാർമികത്വം വഹിച്ച് സന്ദേശം നൽകുകയായിരുന്നു ബിഷപ്. കാലത്തിനും ദേശത്തിനും ഭാഷയ്ക്കും അതീതമായ ജീവിത ദർശനം നൽകിയ വിശുദ്ധ മറിയം ത്രേസ്യ ദൈവസ്നേഹം കൊണ്ട് നിറഞ്ഞ മനസോടെ സഹജീവികൾക്കുവേണ്ടി ഉണർന്നു പ്രവർത്തിച്ചു. ഇത് ഏവർക്കും പ്രചോദനമാകണം ബിഷപ് ഉദ്ബോധിപ്പിച്ചു. കുടുംബങ്ങളുടെ മധ്യസ്ഥയായ വിശുദ്ധ മറിയം ത്രേസ്യയുടെ തിരുനാളിൽ പങ്കെടുക്കാൻ നാടിൻറെ നാനാഭാഗങ്ങളിൽ നിന്നും കേരളത്തിനു പുറത്തുനിന്നുമായി പതിനായിരങ്ങളാണ് എത്തിച്ചേർന്നത്. വിശുദ്ധ മറിയം ത്രേസ്യയുടെ തിരുശേഷിപ്പ് വഹിച്ചുകൊണ്ടു വാദ്യഘോഷങ്ങളുടെ അകമ്പടിയോടെ അലംകൃതമായ വീഥിയിലൂടെ നടന്ന തിരുനാൾ പ്രദക്ഷിണത്തിൽ ആയിരങ്ങൾ പങ്കെടുത്തു. തുടർന്നു തിരുശേഷിപ്പ് വണങ്ങി വിശുദ്ധ മറിയം ത്രേസ്യയിലൂടെ ദൈവാനുഗ്രഹം യാചിച്ചാണു വിശ്വാസികൾ മടങ്ങിയത്. തിരുനാൾ കമ്മിറ്റി ചെയർമാനും ഇരിങ്ങാലക്കുട രൂപത വികാരി ജനറാളുമായ മോൺ. ജോസ് മഞ്ഞളി, തീർഥാടനകേന്ദ്രം റെക്ടർ ഫാ. ജോൺ കവലക്കാട്ട്, പ്രമോട്ടർ ഫാ. സെബാസ്റ്റ്യൻ അരിക്കാട്ട് ഉൾപ്പെടെ നിരവധി വൈദികർ തിരുനാൾ ദിവ്യബലിയിൽ സഹകാർമികരായിരുന്നു. ഹോളി ഫാമിലി സന്യാസിനീസമൂഹത്തിൻറെ സുപ്പീരിയർ ജനറൽ മദർ ആനി കുര്യാക്കോസ് സ്വാഗതം ആശംസിച്ചു. ജനറൽ കൺവീനറും അഡ്മിനിസ്ട്രേറ്ററുമായ സിസ്റ്റർ എൽസി സേവ്യർ നന്ദി പറഞ്ഞു.

## കുടുംബവിഹിതം പകുത്തുനൽകി ഭൂരഹിതന് വീടൊരുക്കി മാർ കല്ലറങ്ങാട്ട്

പാലാ രൂപത



പാലാ: പാലാ രൂപതയുടെ കാരുണ്യമുഖമായ ഹോം പാലാ പദ്ധതിയിൽ സ്വയം മാതൃകയായി രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്. കയ്യൂരിലെ കുടുംബസ്വത്തിലൂടെ തനിക്കു ലഭിച്ച ഭൂമി ഒരു ഭൂരഹിത കുടുംബത്തിന് പകുത്തുനൽകി വീടൊരുക്കിയാണ് മാർ ജോസഫ് കല്ലറങ്ങാട്ട് കരുതലിൻറെ മുഖമായി രൂപതയ്ക്കും നാടിനും മാതൃകയും അഭിമാനവുമായത്. രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ദാനം ചെയ്ത ഭൂമിയിൽ പാലാ രൂപത പ്രവാസി അപ്പോസ്തലേറ്റ് കുവൈറ്റ് ചാപ്റ്ററാണ് വീട് പണിതീർത്തത്. മാർ ജോസഫ് കല്ലറങ്ങാട്ട് വീട് ആശീർവദിച്ച് കൈമാറി.

രൂപത പ്രവാസി അപ്പോസ്തലേറ്റ് ഡയറക്ടറും ഹോം പാലാ എക്സിക്യൂട്ടീവ് ഡയറക്ടറുമായ ഫാ. കുര്യാക്കോസ് വെള്ളച്ചാലിൽ, കയ്യൂർ ക്രിസ്തുരാജ പള്ളി വികാരി ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിൽ, ഫാ. മാത്യു തെന്നാട്ടിൽ എന്നിവർ ആശീർവാദകർമത്തിൽ സഹകാർമികരായി. പാലാ രൂപതാതിർത്തിയിലെ ഭവനരഹിതരെയും ഭൂരഹിതരെയും പുനരധിവസിപ്പിക്കുന്നതിനായാണ് മാർ ജോസഫ് കല്ലറങ്ങാട്ടിൻറെ നേതൃത്വത്തിൽ രൂപതയിൽ 'ഹോം പാലാ' പദ്ധതി ആരംഭിച്ചത്. നാനാജാതി മതസ്ഥരായ നിരവധിപ്പേർക്ക് ഇതിനോടകം ഭൂമിയായും വീടായും കരുതലാകാൻ രൂപതയ്ക്ക് കഴിഞ്ഞിട്ടുണ്ട്. ഇത്തരത്തിൽ 658 വീടുകളാണ് ഇതിനോടകം പണിതീർത്തിട്ടുള്ളതെന്ന് ഹോം പാലാ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. കുര്യാക്കോസ് വെള്ളച്ചാലിൽ പറഞ്ഞു.

## ഭാരതത്തെ സ്നേഹിക്കാനും പൗരൻ എന്ന നിലയിൽ അഭിമാനിക്കാനും നമുക്കു കഴിയണം: മാർ ജോസ് പുളിക്കൽ

കാഞ്ഞിരപ്പള്ളി രൂപത



കാഞ്ഞിരപ്പള്ളി: ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമെന്ന നിലയിൽ സംസ്കാരങ്ങൾ, ഭാഷകൾ, ആചാരാനുഷ്ഠാനങ്ങൾ, മതവിശ്വാസം തുടങ്ങിയവ യെ ചേർത്ത് പിടിക്കുന്ന ഭാരതത്തെ സ്നേഹിക്കുവാനും പൗരൻ എന്ന നിലയിൽ അഭിമാനിക്കാനും നമുക്ക് കഴിയണമെന്ന് കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പുളിക്കൽ. സ്വാതന്ത്ര്യദിനാഘോഷത്തോടനുബന്ധിച്ച് കാഞ്ഞിരപ്പള്ളി രൂപത കേന്ദ്രത്തിൽ ദേശീയപതാക ഉയർത്തി സന്ദേശം നൽകുകയായിരുന്നു അദ്ദേഹം. 75 വർഷങ്ങൾ പിന്നിട്ട ഭാരതത്തെ യോർത്ത് അഭിമാനിക്കാനേറെയുണ്ട്. എന്നിരുന്നാലും മഹാത്മാ ഗാന്ധിയുൾപ്പെടെ ഭാരതത്തെ സ്വാതന്ത്ര്യത്തിലേയ്ക്ക് നയിക്കുവാൻ ത്യാഗ സമർപ്പണം ചെയ്തവരുടെ സ്വപ്നങ്ങൾ പൂർത്തികരിക്കുവാൻ നമുക്ക് സാധിച്ചിട്ടുണ്ടോയെന്ന് നാമൊരുമിച്ച് ചിന്തിക്കണം. ഇനിയും വളരാനുണ്ടെന്ന ബോധ്യം നമ്മെ ഊർജ്വസ്വലമായി അധ്വാനിക്കുവാൻ പ്രാപ്തരാക്കും. അതിനാൽ തിരിച്ചറിവിന്റെയും പുതിയ നടപ്പിന്റെയും അവസരമായി സ്വാതന്ത്ര്യ ദിനാഘോഷങ്ങളെ നമുക്ക് കാണാം. ജാതിമതവർഗ്ഗവർണ്ണദേശ ഭാഷകൾക്കതീ തമായി ചിന്തിച്ച് ഭാരതത്തെ നയിക്കുവാൻ നിയുക്തരായ ആദരണീയരായ ഭരണകർത്താക്ക ൾക്ക് ധീരമായ ചുവടുകൾ വയ്ക്കുവാൻ സാധിക്കട്ടെയെന്ന് മാർ ജോസ് പുളിക്കൽ ആശംസിച്ചു. കാഞ്ഞിരപ്പള്ളി രൂപതാ കേന്ദ്രമായ പാസ്റ്ററൽ സെന്ററിൽ നടന്ന ആഘോഷ പരിപാടികളിൽ രൂപതാ വികാരി ജനറാളുമാരായ റവ.ഡോ. ജോസഫ് വെള്ളറ്റം, റവ.ഡോ. കുര്യൻ താമരശ്ശേരി, വൈദികർ, സന്യസ്തർ, വൈദിക വിദ്യാർത്ഥികൾ, പാസ്റ്ററൽ സെന്റർ സ്റ്റാഫംഗങ്ങൾ എന്നിവർ പങ്കുചേർന്നു.

## ക്നാനായ സമുദായം നൽകിയ സംഭാവനകൾ നിസ്തുലം: മാർ പാംപ്ലാനി

കോട്ടയം അതിരൂപത

കോട്ടയം: കേരളസഭയ്ക്കും പൊതുസമൂഹത്തിനും ക്നാനായ സമുദായം നൽകിയ സംഭാവനകൾ നിസ്തുലമെന്ന് തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ മാർ ജോസഫ് പാംപ്ലാനി. കോട്ടയം അതിരൂപതയുടെ 112മത് വാർഷികാഘോഷങ്ങൾ കോട്ടയത്ത് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രവാസിലോകത്തെ സീറോമലബാർ സഭാസമൂഹങ്ങളെ ശക്തിപ്പെടുത്താൻ സവിശേഷ സംഭാവനകൾ നൽകിയ ക്നാനായ സമൂഹം സീറോമലബാർ സഭയുടെ ഹൃദയഭാഗമാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. മലബാർ കുടിയേറ്റത്തിനും പുനരൈക്യത്തിലും മുൻപേ പറക്കുന്ന പക്ഷിയായി പ്രവർത്തിച്ച കോട്ടയം അതിരൂപത ഭാരതസഭയ്ക്കു നൽകിയ സംഭാവനകൾ ഒരിക്കലും വിസ്മരിക്കാനാകില്ലെന്നും അദ്ദേഹം പറഞ്ഞു.

കോട്ടയം അതിരൂപതാദ്ധ്യക്ഷൻ മാർ മാത്യു മൂലക്കാട്ടിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനത്തിൽ ആർച്ചുബിഷപ്പ് മാർ കുര്യൻ വയലുങ്കൽ, അതിരൂപതാ സഹായമെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ, കെ.സി.സി പ്രസിഡന്റ് തമ്പി എരുമേലിക്കര, പ്രസ്ബിറ്ററൽ കൗൺസിൽ സെക്രട്ടറി ഫാ. എബ്രാഹം പറമ്പേട്ട്, കെ.സി.ഡബ്ല്യു.എ പ്രസിഡന്റ് ലിൻസി രാജൻ, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ബിനോയി ഇടയാടിയിൽ, സമർപ്പിത സമൂഹങ്ങളുടെ പ്രതിനിധി സിസ്റ്റർ അനിത എസ്.ജെ.സി, കെ.സി.വൈ.എൽ പ്രസിഡന്റ് ലിബിൻ പാറയിൽ തുടങ്ങിയവർ പ്രസംഗിച്ചു. വിവിധ രംഗങ്ങളിൽ പ്രാഗത്ഭ്യം തെളിയിച്ച അനിറ്റ പി. ജോസഫ്, ജിനി ജോയി ചേലമ്മൂട്ടിൽ, മരിയ ജോയി പാലയിൽ, ജോൺസൺ കെ.ജെ കുഞ്ഞമ്മാട്ടിൽ, എലിസബത്ത് ജോണി, അബിൽ ജോയി കൊച്ചുപറമ്പിൽ, ജിബിൻ ജോബ് മ്യാലിൽ എന്നിവരെ ആദരിച്ചു.

തെരഞ്ഞെടുക്കപ്പെട്ടവരെ കമ്മിറ്റി കൺവീനർ ഫാ. ജോയി കട്ടിയാങ്കൽ പരിചയപ്പെടുത്തി. അതിരൂപതയിൽ നടത്തപ്പെടുന്ന അജപാലനപ്രവർത്തനങ്ങളുടെ സംക്ഷിപ്ത റിപ്പോർട്ടും അവതരിപ്പിച്ചു. തെക്കുംഭാഗജനതയ്ക്കായി 'ഇൻ യൂണിവേഴ്സി ക്രിസ്ത്യാനി' എന്ന തിരുവെഴുത്തുവഴി 1911 ആഗസ്റ്റ് 29 നാണ് വിശുദ്ധ പത്താം പീയൂസ് മാർപാപ്പ കോട്ടയം വികാരിയാത്ത് സ്ഥാപിച്ചത്. കോട്ടയം ക്രിസ്തുരാജ കത്തീഡ്രലിൽ അതിരൂപതാദ്ധ്യക്ഷൻ മാർ മാത്യു മൂലക്കാട്ടു മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിക്കപ്പെട്ട കൃതജ്ഞതാബലിയോടെയാണ് ദിനാഘോഷങ്ങൾക്കു തുടക്കമായത്. ആർച്ചുബിഷപ്പ് മാർ കുര്യൻ വയലുങ്കൽ, സഹായമെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ, അതിരൂപതയിലെ വൈദികർ എന്നിവർ സഹകാർമ്മികരായിരുന്നു. ക്നാനായ സമുദായത്തിന്റെ മിഷനറി ദൗത്യത്തെക്കുറിച്ച് അൾജീരിയ, ടുണീഷ്യ രാജ്യങ്ങളുടെ അപ്പസ്തോലിക് ന്യൂൺഷ്യോ ആർച്ചുബിഷപ്പ് മാർ കുര്യൻ വയലുങ്കൽ ക്ലാസ്സ് നയിച്ചു. അതിരൂപതയിലെ വൈദികരും സമർപ്പിത പ്രതിനിധികളും പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും പാരിഷ് കൗൺസിൽ പ്രതിനിധികളും സമുദായസംഘടനാ പ്രതിനിധികളും ആഘോഷങ്ങളിൽ പങ്കെടുത്തു.

## ലഹരിക്കെതിരേ സീറോമലബാർ സിനഡൽ കമ്മീഷൻ കർമ്മപദ്ധതി

പാലാ രൂപത

പാലാ: കേരളസമൂഹത്തിൽ വർധിച്ചുവരുന്ന ലഹരിമരുന്നു വ്യാപാരത്തിനെതിരേ ശക്തമായ കർമപദ്ധതി ആവിഷ്കരിച്ചു പ്രതിരോധബോധവൽക്കരണ പദ്ധതിയുമായി സീറോമലബാർസഭ രംഗത്ത്. കുടുംബത്തിനും അൽമായർക്കും ജീവനുവേണ്ടിയുള്ള സീറോമലബാർ സിനഡൽ കമ്മീഷൻറെ നേതൃത്വത്തിൽ ലഹരിക്കെതിരേയുള്ള ബോധവൽക്കരണ പ്രതിരോധദ്രുതകർമപദ്ധതികൾക്കു സീറോമലബാർ സഭയിൽ പാലാ രൂപതയിലാണ് തുടക്കം കുറിച്ചത് കുടുംബത്തിനും അൽമായർക്കും ജീവനും വേണ്ടിയുള്ള സിനഡൽ കമ്മീഷനും പാലാ രൂപത ജാഗ്രതാസമിതിയും സംയുക്തമായിട്ടാണ് ലഹരിക്കെതിരേ പാലായിൽ ബോധവൽക്കരണ സെമിനാറും കർമപദ്ധതികളും ആവിഷ്കരിക്കുന്നത്. സെപ്റ്റംബർ 30നു ഉച്ചക്കു 2.30നു പാലാ ളാലം പഴയപള്ളി ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച ലഹരിവിരുദ്ധ സമ്മേളനം സിനഡൽ കമ്മിഷൻ ഫോർ ഫാമിലി ലെയിറ്റി ആൻഡ് ലൈഫ് ചെയർമാനും പാലാ രൂപത അധ്യക്ഷനുമായ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്തു. കലാലയങ്ങളിൽ വിശിഷ്യാ പ്രായപൂർത്തിയാകാത്ത കൗമാരക്കാരിൽ പെരുകിവരുന്ന മയക്കുമരുന്ന് ഉപയോഗം ആശങ്കാജനകവും അപകടകരവുമാണെന്ന് അദ്ദേഹം നിരീക്ഷിച്ചു. കുട്ടികളുമായി ബന്ധപ്പെടുന്നവർ അവരുടെ നന്മയ് ക്കായി കാംക്ഷിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നില്ലെങ്കിൽ അതും കുറ്റകരമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

അസിസ്റ്റൻറ് എക്സൈസ് കമ്മീഷണർ പി.കെ. ജയരാജ് സാഹചര്യത്തിൻെറ ഗൗരവം ബോധ്യപ്പെടുത്തി ക്ലാസു കൾക്കു നേതൃത്വം നൽകി. അസ്വസ്ഥതകളുള്ള കുടുംബങ്ങളിലെ കുഞ്ഞുങ്ങൾക്ക് സംരക്ഷണവും മാർഗനിർദ്ദേശവും ലഭിക്കാത്തതിനാൽ മയക്കുമരുന്നുകൾക്കും മറ്റു തിന്മകൾക്കും അടിമപ്പെടാനുള്ള സാധ്യത ഏറെയാണെന്നും അധ്യാപകർ പ്രത്യേകം കുട്ടികളുടെ സംരക്ഷകരാകണമെന്നും മാതാപിതാക്കൾ സ്വന്തം മക്കളെ സ്വന്തം ശരീരത്തോട് ചേർത്ത് പിടിക്കണമെന്നും അദ്ദേഹം ഓർമപ്പെടുത്തി.

പാലാ രൂപത മുഖ്യ വികാരി ജനറാൾ മോൺ. ജോസഫ് തടത്തിൽ ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. പാലാ രൂപതയിലെ വൈദികർ, സന്യസ്തർ, അധ്യാപകർ, യോഗപ്രതിനിധികൾ, മാതാപിതാക്കൾ, സ്കൂൾ പിടിഎ അംഗങ്ങളുൾപ്പെടെ രണ്ടായിരത്തോളം വിശ്വാസികൾ യോഗത്തിൽ പങ്കെടുത്തു. സാമൂഹ്യപ്രധിബദ്ധതയോടെ വിശ്വാസികൾ ഒത്തുചേർന്ന സമ്മേളനം സമൂഹത്തിന് മാതൃകയാണ്. മയക്കുമരുന്നിനെതിരെ മതസൗഹാർദ്ധതയോടെ പ്രവർത്തിക്കണമെന്നുള്ള മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ നിർദേശങ്ങൾ സ്വീകരിച്ച് ഒത്തൊരുമയോടെയുള്ള പ്രവർത്തനങ്ങളും കർമ്മപരിപാടികളും ആവിഷ്കരിക്കും. സീറോമലബാർ സിനഡൽ കമ്മീഷൻ ഫോർ ഫാമിലി, ലെയ്റ്റി ആൻഡ് ലൈഫിൻെറ നേതൃത്വത്തിൽ കേരളത്തിൻെറ വിവിധ രൂപതകളിലും സ്ഥാപനങ്ങളിലും ലഹരിവിരുദ്ധ സമ്മേളനങ്ങളും കർമ്മപദ്ധതികളും നടപ്പിലാക്കും. 'ലഹരിയുടെ ഉപയോഗം ഒരിക്കലും തുടങ്ങരുത്, തുടരരുത് ഒരുകാരണവശാലും.' ലഹരിയുടെ വ്യാപനം തടയുക, ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ സർക്കാരിൻെറ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുക, ലഹരിവിരുദ്ധ സമൂഹം നിർമ്മിക്കുക... തുടങ്ങിയ മഹനീയ ദർശനങ്ങളോടെ സഭയിലെ മുഴുവൻ പ്രസ്ഥാനങ്ങളുടെ സഹകരണത്തോടെ പ്രവർത്തനം തുടരും. പാലാ രൂപതയിൽ ആരംഭം കുറിച്ച കർമപദ്ധതി സീറോമലബാർ സഭ ഒന്നാകെ നടപ്പിലാക്കുകയാണ് സിനഡൽ കമ്മീഷൻ ലക്ഷ്യം വയ്ക്കുന്നതെന്നു മോൺ.ജോസഫ് തടത്തിൽ അറിയിച്ചു.

## THIRD MILLENNIUM SEMINAR AT RAJKOT

RAJKOT EPARCHY



Rajkot: A 3-day national mission seminar was conducted by the Diocese of RAJKOT on the occasion of the Silver Jubilee of the foundation of "Third Millennium", Indian Journal of Evangelization, one of its theological publications.

The seminar on the theme "MISSION 'AGAIN' AT CROSSROADS? A ROADMAP FOR MISSION IN THE CHANGING INDIAN CONTEXT," conducted in the auditorium of the Diocesan Pastoral Centre at Rajkot was attended by 161 participants coming from different Indian States. Eminent speakers - Hon'ble Justice Kurian Joseph, Bishop Thomas Dabre, Archbishop Pamplany, Dr. Felix Wilfred, Dr. Pearl Drego, Dr. Lancy Lobo SJ, Dr. Joseph Valiamangalam SJ and Dr. Davis Varayilan CMI presented papers on different aspects of Mission, such as, the present missionary context, the changing socio-religious-political situations and how it affects the mission, the methodological aspects of mission, the crucial role of Laity in the mission in view of the new understanding of SYNODALITY of the church, the role of social media, and the freshness Pope Francis is bringing into mission theology.

## സുവാറ ബൈബിൾ കലോത്സവം 2022: കട്ടപ്പന ഫൊറോന ജേതാക്കൾ

കാഞ്ഞിരപ്പള്ളി രൂപത



കാഞ്ഞിരപ്പള്ളി: കാഞ്ഞിരപ്പള്ളി രൂപതയിലെ കുട്ടികളുടെ സർഗ്ഗവാസനകളെ വളർത്തുക എന്ന ലക്ഷ്യത്തോടെ രൂപതാ വിശ്വാസ ജീവിത പരിശീലന കേന്ദ്രമായ സുവാറയുടെ നേതൃത്വത്തിൽ ബൈബിൾ കലോത്സവം 2022 കലാമത്സരങ്ങൾ കുട്ടിക്കാനം മരിയൻ ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ നടത്തി. കലാമത്സരങ്ങൾ മരിയൻ കോളേജ് അഡ്മിനിസ്ട്രേറ്റർ ഫാ. ജോസഫ് പൊങ്ങന്താനം ഉദ്ഘാടനം ചെയ്തു.

13 ഫൊറോനകളിൽ നിന്നായി 500 ഓളം കുട്ടികൾ 10 മത്സരയിനങ്ങളിൽ പങ്കെടുത്തു. ഡൊമിനിക് സാവിയോ വിഭാഗത്തിൽ കട്ടപ്പന ഫൊറോന ജേതാക്കളായി. അൽഫോൻസാ വിഭാഗത്തിൽ കുമളി ഫൊറോനയും സെന്റ് തോമസ് വിഭാഗത്തിൽ കട്ടപ്പന ഫൊറോനയും ഒന്നാം സ്ഥാനം കരസ്ഥമാക്കി. ബൈബിൾ കലോത്സവം 2022 ഓവറോൾ ചാമ്പ്യൻ പട്ടം കട്ടപ്പന ഫൊറോന ചൂടിയപ്പോൾ എരുമേലി ഫൊറോന രണ്ടാം സ്ഥാനം കരസ്ഥമാക്കി.

## അന്തിച്ചർച്ചകളിലല്ല സഭയുടെ ചരിത്രം രൂപപ്പെടേണ്ടത്: മാർ പാംപ്ലാനി

തലശേരി അതിരൂപത



തിരുവല്ല: 21 നൂറ്റാണ്ടുകളിലായി പരിശുദ്ധാത്മാവിലൂടെ എത്തിയതാണ് സഭയുടെ മഹിത ചരിത്രമെന്നും അന്തിച്ചർച്ചകളിൽ രൂപപ്പെടുന്നവ സഭയുടേതല്ലെന്നും തലശേരി ആർച്ച്ബിഷപ് മാർ ജോസഫ് പാംപ്ലാനി. മലങ്കര കത്തോലിക്കാസഭ പുനരൈക്യ വാർഷിക സമ്മേളനത്തിൽ മുഖ്യസന്ദേശം നൽകുകയായിരുന്നു അദ്ദേഹം. തിരുസഭയുടെ ഇരുണ്ട ചരിത്രം രചിക്കാൻ മുൻപും ശ്രമമുണ്ടായിട്ടുണ്ട്. വൈദികരിലെയും സന്യസ്തരിലെയും ചെറിയൊരു ശതമാനത്തെ മുൻപിൽ നിർത്തി ഇത് ഇന്നും സമൂഹമാധ്യമങ്ങളിൽ തുടരുന്നുണ്ട്. ഇവരിൽ ചിലർ അന്തിച്ചർച്ചകളിൽ വന്നിരുന്ന് സഭയെയും സന്യാസ പ്രസ്ഥാനങ്ങളെയും അവഹേളിച്ചു സംസാരിക്കുന്നു. ഇരുണ്ട ശക്തികളുടെ പ്രേരണയിലാണ് ഇവർക്ക് ഇത് ചെയ്യാനാകുന്നതെന്ന് ആർച്ച്ബിഷപ് ചൂണ്ടിക്കാട്ടി. ചരിത്രത്തെ വേർതിരിച്ചറിയാനുള്ള പ്രതിബദ്ധതയും ആർജവത്വവും വിശ്വാസികൾക്കുണ്ടാണം. സഭയുടെയും പൗരോഹിത്യത്തിൻറെയും മാർക്കറ്റ് ഇടിഞ്ഞുപോയെന്ന് ആരും കരുതേണ്ടതില്ല. പുറത്തെ പ്രചാരണം കണ്ടുകൊണ്ട് നിസംഗതയിലേക്കും നിഷ്ക്രിയത്വത്തിലേക്കും വൈദികർ മാറരുത്. സ്നേഹം എല്ലാറ്റിനെയും സുന്ദരമാക്കുകയും സ്വീകാര്യമാക്കുകയും ചെയ്യുന്നുവെന്നും മാർ പാംപ്ലാനി പറഞ്ഞു.

## ഗ്രേറ്റ് ബ്രിട്ടൻ സീറോമലബാർ രൂപത വാർഷികം ആഘോഷിച്ചു

ഗ്രേറ്റ് ബ്രിട്ടൻ രൂപത



പ്രെസ്റ്റൻ: ഗ്രേറ്റ് ബ്രിട്ടൻ സീറോമലബാർ രൂപത സ്ഥാപിതമായതിൻറെ ആറാം വാർഷികം ആഘോഷിച്ചു. പ്രെസ്റ്റൻ സെൻറ് അൽഫോൻസ കത്തീഡ്രലിൽ നടന്ന കൃതജ്ഞതാബലിക്കു രൂപതാധ്യക്ഷൻ മാർ ജോസഫ് സ്രാമ്പിക്കൽ മുഖ്യ കാർമികത്വം വഹിച്ചു.

രൂപത പ്രോട്ടോ സിഞ്ചെല്ലൂസ് റവ. ഡോ ആൻറണി ചുണ്ടെലിക്കാട്ട്, സിഞ്ചെല്ലൂസുമാരായ മോൺ. സജിമോൻ മലയിൽപുത്തൻപുരയിൽ, മോൺ. ജോർജ് ചേലക്കൽ, മോൺ. ജിനോ അരീക്കാട്ട് എംസിബിഎസ്, ചാൻസലർ റവ. ഡോ . മാത്യു പിണക്കാട്ട് , കത്തീഡ്രൽ വികാരി റവ. ഡോ . ബാബു പുത്തൻപുരയ്ക്കൽ, രൂപതയുടെ വിവിധ ഭാഗങ്ങളിൽനിന്നെത്തിയ വൈദികർ എന്നിവർ സഹകാർമികരായിരുന്നു.

# ലഹരിക്കെതിരെ ജാഗ്രത പുലർത്തണം: മാർ ആലഞ്ചേരി

*(1-ാം പേജിൽ നിന്ന് തുടർച്ച)*

നേരിടേണ്ടതുണ്ട്. മയക്കുമരുന്നിന്റെ ആധുനികരൂപമായ സിന്തറ്റിക് ലഹരിമരുന്നുകളുടെ വ്യാപനവും ഉപഭോഗവുമാണ് നിലവിലെ വലിയ ഭീഷണി. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉൾപ്പെടെ ഇത്തരം ലഹരി മരുന്നുകൾ എത്തിച്ചേരുകയും കുട്ടികളും യുവജനങ്ങളും ഇവയ്ക്ക് അടിമപ്പെടുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണ് ഇപ്പോൾ നിലവിലുള്ളത്. ചെറുപ്രായത്തിലുള്ള സ്കൂൾ വിദ്യാർത്ഥികളെപോലും മയക്കുമരുന്നിന് അടിമകളാക്കാൻ തുനിഞ്ഞിറങ്ങിയിരിക്കുന്ന മാഫിയകൾ നമ്മുടെ സമൂഹത്തിൽ പ്രവർത്തിക്കുന്നുണ്ട് എന്നാണ് സമീപകാല സംഭവങ്ങളിൽനിന്ന് നാം മനസിലാക്കേണ്ടത്. മാത്രവുമല്ല, മയക്കുമരുന്നു വിൽപ്പനയ്ക്കും പ്രചരണത്തിനും കുട്ടികളെ ഉപകരണങ്ങളാക്കുന്ന രീതിയും കേരളത്തിലുണ്ട്. തങ്ങൾ ഉപയോഗിക്കുന്നത് മയക്കുമരുന്നാണ് എന്ന തിരിച്ചറിവില്ലാതെയാണ് പലപ്പോഴും കുട്ടികൾ മയക്കുമരുന്ന് ഉപയോഗിച്ച് തുടങ്ങുന്നതെന്നാണ് അന്വേഷണ ഉദ്യോഗസ്ഥരുടെ നിഗമനം. ഉന്മേഷത്തിനും ഉറക്കം വരാതിരിക്കാനും മറ്റുമുള്ള പാനീയങ്ങളായും മിഠായികളായും ഗുളികകളായും കുട്ടികൾക്കിടയിൽ മയക്കുമരുന്നിനെ പരിചയപ്പെടുത്തുന്നു. ഒടുവിൽ അവ ഉപേക്ഷിക്കാനാവില്ല എന്ന ഘട്ടം വരുമ്പോൾ പണം നൽകി വാങ്ങാനും, അതിനായി പണം കണ്ടെത്താനും കുട്ടികൾ നിർബ്ബന്ധിതരാകുന്നു. ക്രമേണ മയക്കുമരുന്ന് വിപണന സംഘത്തിന്റെ ഭാഗമായും പ്രചാരകരായും അവർ മാറുന്നു.

ലഹരിക്കടിമപ്പെടുന്നവരുടെ എണ്ണത്തിലുള്ള ക്രമാതീതമായ വർധനവിനൊപ്പം ലൈംഗിക ചൂഷണം, ആക്രമണം, മോഷണം, കൊലപാതകം, ആത്മഹത്യ പോലെയുള്ള അനുബന്ധ കുറ്റകൃത്യങ്ങളും പെരുകുന്നു എന്നതും ഒരു വസ്തുതയാണ്. ലഹരിക്കടിമപ്പെട്ട് ഉന്മേഷവും കായികശേഷിയും നഷ്ടപ്പെടുന്ന കുട്ടികളും യുവജനങ്ങളും നമ്മുടെ നാടിന്റെ ദയനീയചിത്രം വെളിവാക്കുന്നു. തുച്ഛമായ വരുമാനം പോലും ലഹരിദായക പദാർത്ഥങ്ങൾക്കായി ചെലവഴിക്കപ്പെടുന്നതിലൂടെ നിരവധി കുടുംബങ്ങൾ അസമാധാനത്തിന്റെയും പട്ടിണിയുടെയും പിടിയിലമരുന്നു. ലഹരിയിലുള്ള അടിമത്തം ആത്യന്തികമായി വ്യക്തികളുടെ സമ്പൂർണ നാശത്തിലേക്കും കുടുംബങ്ങളുടെയും സമൂഹത്തിന്റെയും തകർച്ചയിലേക്കുമാണ് നയിക്കുന്നതെന്നതാണ് വാസ്തവം.

മയക്കുമരുന്നുകളുടെ ഉപയോഗം എന്തുകൊണ്ട് തിന്മയാകുന്നു എന്നതിനെകുറിച്ച് കത്തോലിക്കാ സഭയുടെ യുവജന മതബോധന ഗ്രന്ഥം വിശദീകരണം നല്കുന്നുണ്ട്: ഒരു വ്യക്തിക്ക് ലഹരി വസ്തുക്കളിൽ ഉണ്ടാകുന്ന ആശ്രയത്തിന്റെ ഓരോ രൂപവും സ്വാതന്ത്ര്യം അടിമത്തത്തിനുവേണ്ടി കൈമാറ്റം ചെയ്യലാണ്. അത് ബന്ധപ്പെട്ട വ്യക്തിയുടെ ആരോഗ്യവും ജീവിതവും നശിപ്പിക്കുന്നു. അയാൾക്ക് ചുറ്റുമുള്ള മനുഷ്യരെ കുടുംബ തലത്തിലും, സാമൂഹിക തലത്തിലും വലിയതോതിൽ ദ്രോഹിക്കുകയും ചെയ്യുന്നു (Y-O-U-C-A-T 389). 2016ൽ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസസിലെ അംഗങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ പറഞ്ഞ വാക്കുകൾ ശ്രദ്ധേയമാണ്: 'പ്രശ്നങ്ങളിൽനിന്ന് ഓടിയൊളിക്കാനും, നൈമിഷിക സുഖങ്ങൾ തേടാനുമുള്ള തൃഷ്ണ മയക്കുമരുന്ന് ഉപയോഗത്തിലേക്ക് നീളുന്നത് മനുഷ്യനെ പൂർണമായ തകർച്ചയിലേക്കും, വിവിധ തലങ്ങളിലുള്ള സാമൂഹിക പ്രത്യാഘാതങ്ങളിലേക്കും നയിക്കുന്നു.' മയക്കുമരുന്നുകളുടെ വിനാശകരമായ ഫലങ്ങളെ തുറന്നുകാണിച്ചുകൊണ്ട് വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ പറഞ്ഞത്, മരണം വില്ക്കുന്നവരാണ് മയക്കുമരുന്ന് കച്ചവടക്കാർ എന്നാണ്. വ്യക്തികളുടെ മാനസികവും സാമൂഹികവുമായ മരണത്തിന് കാരണമാകുകയും, വലിച്ചെറിയപ്പെടുന്ന വ്യക്തികളാക്കി അവരെ മാറ്റുകയും ചെയ്യുന്ന ലഹരിയുടെ ഉപഭോഗത്തിനുള്ള എല്ലാ സംവിധാനങ്ങളും എതിർക്കപ്പെടണം എന്നതാണ് സഭയുടെ എക്കാലത്തെയും നിലപാട്. മയക്കു മരുന്ന് ഉപയോഗവും അതിലുള്ള അടിമത്തവും തിന്മയാണ്. ഇക്കാരണത്താൽ തന്നെയാണ് ലഹരിവസ്തുക്കൾക്കെതിരായ പോരാട്ടം അത്യന്തം ഗൗരവമേറിയ ക്രൈസ്തവ ധർമ്മമായി തിരുസഭ' വീക്ഷിക്കുന്നത്. ഈ കാലഘട്ടത്തിൽ ഈ ഉത്തരവാദിത്വത്തെ കൂടുതൽ ആർജ്ജവത്തോടെ ഏറ്റെടുക്കാൻ നമുക്ക് കഴിയണം. നമ്മുടെ സാംസ്കാരിക സാമൂഹിക ഔന്നത്യത്തെയും ക്രമസമാധാനത്തെയും യുവതലമുറയുടെ കാര്യപ്രാപ്തിയെയും ഭാവിയെയുമെല്ലാം ഒരുപോലെ ദോഷകരമായി ബാധിക്കുന്ന ഒരു സാമൂഹിക തിന്മ എന്ന നിലയിൽ ലഹരിയുടെ ഉപയോഗത്തിനെതിരെ പ്രതിരോധം തീർത്തുകൊണ്ട് എല്ലാവരും സമൂഹത്തിന്റെ സംരക്ഷണത്തിനായി അണിനിരക്കണം. സർക്കാർ സംവിധാനങ്ങളും സാമൂഹിക സാമുദായിക നേതൃത്വങ്ങളും ഒത്തൊരുമയോടെ പ്രവർത്തിച്ചാൽമാത്രമേ, ഈ വലിയ ലക്ഷ്യം നേടിയെടുക്കാൻ നമുക്കു കഴിയുകയുള്ളൂ. വിവിധ തലങ്ങളിൽ ഈ പ്രതിസന്ധിയെ നാം നേരിടേണ്ടതുണ്ട്.

കുടുംബങ്ങളിലാണ് ലഹരി ഉപയോഗവും അടിമത്തവും സംബന്ധിച്ച സാധ്യതകൾ അടിസ്ഥാനപരമായി പ്രതിരോധിക്കപ്പെടേണ്ടത്. മാതാപിതാക്കളും മക്കളും തമ്മിലുള്ള പരസ്പരബന്ധവും തുറവിയും എല്ലായ്പ്പോഴും ഊഷ്മളമായി നിലനിറുത്താനും ക്രൈസ്തവ ആധ്യാത്മികതയിൽ അടിയുറച്ച ഉത്തമ കുടുംബാന്തരീക്ഷം പുലർത്താനും സ്നേഹത്തിൽ അനുദിനം വളരാനും നമ്മുടെ കുടുംബങ്ങൾക്കു കഴിയണം. മക്കളുടെയും ജീവിതപങ്കാളികളുടെയും ധനാഗമ, വിനിയോഗ രീതികളെക്കുറിച്ച് മനസിലാക്കുകയും അസ്വാഭാവികമായ രീതികൾ കാണപ്പെടുന്നപക്ഷം സവിശേഷ ശ്രദ്ധ ചെലുത്തുകയും വേണം. മയക്കുമരുന്ന് വ്യാപനവുമായി ബന്ധപ്പെട്ട വിവിധ വെല്ലുവിളികളിലൂടെ നാം കടന്നുപോകുമ്പോൾ, നമ്മുടെ കുട്ടികളെയും യുവജനങ്ങളെയും അതിനെതിരായ പോരാട്ടത്തിൽ അണിനിരത്താൻ നാം പ്രോത്സാഹിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. കെസിവൈഎം, കെസിഎസ്എൽ,



**ഈ വർഷം ഓഗസ്റ്റ് 29 വരെ 16,128 ലഹരികേസുകളാണ് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ളത്.**

ചെറുപുഷ്പ മിഷൻലീഗ്, യുവദീപ്തി, ജീസസ് യൂത്ത് തുടങ്ങി കുട്ടികൾക്കും യുവാക്കൾക്കും ഇടയിൽ പ്രവർത്തിക്കുന്ന സംഘടനകളെല്ലാം ഈ ലക്ഷ്യം മുൻനിറുത്തി സംഘടനാ തലത്തിൽ ലഹരി വിരുദ്ധസമിതികൾ രൂപീകരിക്കുകയും പ്രവർത്തനപദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യണം. സംഘടനകളിൽ അംഗങ്ങളായവർക്കുവേണ്ടി മാത്രമല്ല, പൊതുവേ എല്ലാ യുവജനങ്ങളെയും മുന്നിൽകണ്ടുകൊണ്ടുള്ള പദ്ധതികളായിരിക്കണം യുവജനസംഘടനകൾ വിഭാവനം ചെയ്യേണ്ടത്. സംഘടനകളുടെ ആഭിമുഖ്യത്തിൽ മയക്കുമരുന്ന് വ്യാപനത്തിനെതിരായ ക്യാംപെയ്നുകൾ നടത്തുകയും ഫലപ്രദമായ രീതിയിൽ പ്രചാരണപരിപാടികൾ സംഘടിപ്പിക്കുകയും വേണം. സമപ്രായക്കാർക്കിടയിൽ സാഹോദര്യവും സൗഹാർദ്ദവും വളർത്തിയെടുക്കാനും അപരനെക്കുറിച്ചുള്ള കരുതലിൽ യുവജനങ്ങളെ പ്രചോദിപ്പിക്കാനും ഇത്തരം പ്രവർത്തനങ്ങൾ വഴി സാധിക്കണം. ലൈംഗിക ചൂഷണങ്ങൾക്കായി മയക്കുമരുന്ന് ഉപയോഗിക്കുന്ന പ്രവണത വർധിച്ചുവരുന്നതായും റിപ്പോർട്ടുകളുണ്ട്. അത്തരം ഭീഷണികളെ പ്രത്യേകമായി നിരീക്ഷിക്കാനും മുൻകരുതലുകൾ സ്വീകരിക്കാനും സംഘടനകളുടെ നേതൃത്വത്തിൽ സംവിധാനങ്ങൾ ഒരുക്കണം. കത്തോലിക്കാ കോൺഗ്രസ്, ലാറ്റിൻ കാത്തലിക്ക് അസോസിയേഷൻ, മലങ്കര കാത്തലിക്ക് അസോസിയേഷൻ, മാതൃസംഘം, പിതൃവേദി തുടങ്ങി മറ്റ് സഭാ സംഘടനകളും ഈ ലക്ഷ്യം അതർഹിക്കുന്ന പ്രാധാന്യത്തോടെ ഏറ്റെടുക്കുകയും കുടുംബങ്ങളും പൊതു സ്ഥലങ്ങളും മയക്കുമരുന്ന് വിമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ ഊർജ്ജിതമായി പ്രവർത്തന തലങ്ങളിലേയ്ക്ക് ഇറങ്ങുകയും വേണം. പ്രാദേശികമായ മറ്റ് സംഘടനകളും ഔദ്യോഗിക സംവിധാനങ്ങളുമായി യോജിച്ചുപ്രവർത്തിച്ചുകൊണ്ട് ലക്ഷ്യപ്രാപ്തിക്കായി പരിശ്രമിക്കണം. ഇടവകയിലെ വിവിധ സംഘടനകൾ, സമിതികൾ തുടങ്ങിയവയിലെ അംഗങ്ങൾ ഇക്കാര്യത്തിൽ യോജിച്ച് പ്രവർത്തിക്കുകയും വിലയിരുത്തലുകൾ നടത്തുകയും വേണം.

എല്ലാ കത്തോലിക്കാ ഇടവകകളുടെയും അതിർത്തികൾക്കുള്ളിൽ സ്ഥിതി ചെയ്യുന്ന പൊതു വിദ്യാലയങ്ങളും സ്ഥാപനങ്ങളും അതിന്റെ പരിസരപ്രദേശങ്ങളും പൂർണമായും ലഹരി വിമുക്തമാണെന്ന് ഉറപ്പുവരുത്താൻ നമുക്ക് സാധിക്കണം. നമ്മുടെ മാനേജുമെന്റുകൾക്കു കീഴിലുള്ള സ്കൂളുകളിലും കോളേജുകളിലും പ്രവർത്തനസജ്ജരായ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പങ്കാളിത്തത്തോടെ ലഹരിവിരുദ്ധ സമിതികൾ രൂപീകരിക്കുകയും ലഹരിവിമുക്തിക്കായി ഉണർന്നു പ്രവർത്തിക്കുകയും വേണം. വിദ്യാലയങ്ങളിലും പരിസരപ്രദേശങ്ങളിലും ലഹരിപദാർഥങ്ങളുടെ വിപണന, ഉപയോഗ സാധ്യതകളുള്ള മേഖലകളെയും ക്യാമ്പസിലേക്ക് കടന്നുവരുന്ന അപരിചിതരെയും നിരീക്ഷണ വിധേയമാക്കണം. മാത്രമല്ല, മയക്കുമരുന്നിന് അടിമകളായിട്ടുള്ള വിദ്യാർത്ഥികളെ കണ്ടെത്തി തിരികെക്കൊണ്ടുവരുന്നതിനുള്ള ഫലപ്രദമായ സംവിധാനങ്ങൾ കലാലയങ്ങളിൽ ക്രമീകരിക്കുകയും വേണം.സഭയുടെ കേന്ദ്രീകൃത സംവിധാനങ്ങളുടെ ഭാഗമായ ജാഗ്രത, മദ്യവിരുദ്ധസമിതികളുടെ പ്രവർത്തനങ്ങൾ ഇടവകതലത്തിലും മേഖലാരൂപതാ തലങ്ങളിലും കാര്യക്ഷമമാക്കുകയും മയക്കുമരുന്ന് വ്യാപനത്തെ പ്രതിരോധിക്കാനും നിയന്ത്രണവിധേയമാക്കാനും പദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും വേണം. ഈ ഗുരുതരമായ സാമൂഹിക വിപത്തിനെ ഫലപ്രദമായി നേരിടണമെങ്കിൽ വിവിധ തലങ്ങളിലുള്ള അപഗ്രഥനങ്ങളും നിരീക്ഷണങ്ങളും പഠനങ്ങളും ആവശ്യമാണ്. മദ്യവിരുദ്ധ, ജാഗ്രതാ സമിതികൾക്ക് അത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ സാധിക്കണം.

മതാധ്യാപകർക്ക് ഇക്കാര്യത്തിൽ വളരെയേറെ പ്രവർത്തിക്കാനുണ്ട്. തങ്ങളുടെ മുന്നിലെത്തുന്ന കുട്ടികളെ അടുത്തറിയുകയും, അവരെ പ്രബുദ്ധരാക്കുകയും ചെയ്യാൻ കഴിയുന്നത് അവർക്കാണ്. ഇപ്പോഴത്തെ ലഹരി സാധ്യതകൾക്കും അനുബന്ധ വിഷയങ്ങൾക്കും കൂടുതൽ ഊന്നൽ കൊടുത്തുകൊണ്ട് മുതിർന്ന വേദപാഠ ക്ളാസുകളിലെ കുട്ടികളുമായി സംവദിക്കാനും അവരെ അടുത്തു മനസിലാക്കി ആവശ്യമെങ്കിൽ തിരുത്താനും മതാധ്യാപകർ സന്നദ്ധരാകണം.

ലഹരിയുടെ വ്യാപനത്തെ പ്രതിരോധിക്കുന്നതിനായി സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന പദ്ധതികൾ സമഗ്രമായ രീതിയിൽ സാമൂഹ്യപ്രതിബദ്ധതയോടെ നടപ്പിലാക്കാൻ നമ്മുടെ സഹകരണം ആവശ്യമാണ്. വരുമാനത്തിനായി കൂടുതൽ മദ്യശാലകൾ തുറക്കുന്നതും, ഐ ടി പാർക്കുകളിൽ പബ്ബുകൾ തുടങ്ങുന്നതും പോലെയുള്ള പ്രവർത്തനങ്ങളിൽനിന്നു സർക്കാർ പിന്തിരിയേണ്ടതാണ്. കക്ഷിമതഭേദമേന്യേ പൊതുസമൂഹം ഒറ്റക്കെട്ടായി ലഹരിവിമുക്ത സമൂഹത്തിനുവേണ്ടി ഊർജ്ജിതമായ ഇടപെടലുകൾ നടത്താൻ ശ്രമിക്കണം. ലഹരിവിമുക്ത കേന്ദ്രങ്ങൾ കൂടുതലായി സ്ഥാപിച്ചും, സന്നദ്ധപ്രവർത്തകരെ പരിശീലിപ്പിച്ചും, ഇത്തരം ശ്രമങ്ങളിൽ ഏർപ്പെടുന്നവരെ പിന്തുണച്ചും ക്രിയാത്മകമായ പ്രവർത്തനപദ്ധതി രൂപപ്പെടുത്തേണ്ടതുണ്ട്. ഇക്കാര്യത്തിൽ പൊതുസമൂഹത്തിനും ഭരണസംവിധാനങ്ങൾക്കും മാതൃകയാകുവാൻ കേരളത്തിലെ ക്രൈസ്തവ സമൂഹത്തിനു കഴിയണം. നമ്മുടെ സമൂഹത്തിന്റെ നിലനില്പിനും നന്മയ്ക്കുംവേണ്ടി ലഹരിയുടെ സംസ്കാരത്തെ പ്രതിരോധിക്കാനും ജീവന്റെ സംസ്കാരത്തെ വളർത്താനുമുള്ള വലിയ ഉത്തരവാദിത്വം കൂട്ടായ്മയിൽ ഫലപ്രദമായി നിർവഹിക്കാൻ നമുക്കു സാധിക്കട്ടെ. അതിനായുള്ള എല്ലാ പ്രവർത്തനങ്ങളിലും സമൃദ്ധമായ ദൈവാനുഗ്രഹത്തിനായി നമുക്കു പ്രാർത്ഥിക്കാം.

# ഞായറാഴ്ചകൾ പ്രവർത്തിദിനങ്ങളാക്കുന്നതിൽ വ്യാപക പ്രതിഷേധം

### കത്തോലിക്ക കോൺഗ്രസ്

കൊച്ചി: ഞായറാഴ്ചകളിൽ തുടർച്ചയായി സർക്കാർ പരിപാടികൾ സംഘടിപ്പിക്കുന്നത് ആസൂത്രിതമാണെന്നും ഇതു കടുത്ത പ്രതിഷേധാർഹമാണെന്നും കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതി. ഗാന്ധിജയന്തിയോടനുബന്ധിച്ച് ഒക്ടോബർ രണ്ട് ഞായറാഴ്ച പ്രവൃത്തി ദിനമാക്കാനുള്ള സർക്കാർ തീരുമാനം പിൻവലിക്കണം. ക്രൈസ്തവർ വളരെ പ്രാധാന്യം കൽപ്പിക്കുകയും പ്രത്യേകമായി ആചരിക്കുകയും ചെയ്യുന്ന ദിവസമാണ് ഞായറാഴ്ച. അന്നേദിവസം ഔദ്യോഗിക പരിപാടികൾ ഒഴിവാക്കിയിരുന്ന മുൻകാലങ്ങളിലേതിൽ നിന്നു വ്യത്യസ്തമായി വിവിധ കാരണങ്ങൾ പറഞ്ഞു ഞായറാഴ്ചകളിൽ നിർബന്ധിത പരിപാടികൾ നടപ്പാക്കുന്ന ശൈലി വർധിച്ചുവരികയാണ്. ഇത്തരം തീരുമാനങ്ങൾ വഴി ക്രൈസ്തവരെ അപമാനിക്കുന്ന നിലപാട് സർക്കാർ തിരുത്തണം. ഒക്ടോബർ രണ്ടിന് സംസ്ഥാന വ്യാപകമായി നിശ്ചയിച്ചിരിക്കുന്ന പരിപാടികൾ ഒക്ടോബർ ഒന്നിനോ മൂന്നിനോ പുനഃക്രമീകരിക്കണമെന്നും കത്തോലിക്ക കോൺഗ്രസ് നേതൃയോഗം ആവശ്യപ്പെട്ടു. ഗ്ലോബൽ പ്രസിഡൻറ് അഡ്വ. ബിജു പറയന്നിലം അധ്യക്ഷത വഹിച്ച യോഗത്തിൽ ഡയറക്ടർ ഫാ. ജിയോ കടവി, ജന. സെക്രട്ടറി രാജീവ് കൊച്ചുപറമ്പിൽ, ഭാരവാഹികളായ ഡോ. ജോബി കാക്കശ്ശേരി, ഡോ. ജോസ്കുട്ടി ഒഴുക, രാജേഷ് ജോൺ, ടെസ്സി ബിജു, ട്രീസ സെബാസ്റ്റ്യൻ, ബെന്നി ആൻറണി എന്നിവർ പ്രസംഗിച്ചു.

### സിഎൽസി

കൊച്ചി: പൊതു അവധിയായി പ്രഖ്യാപിച്ചിരിക്കുന്ന ഞായറാഴ്ച ദിവസം വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടർച്ചയായി പ്രവൃത്തിദിനമാക്കുന്ന സർക്കാർ ഉത്തരവുകൾ അംഗീകരിക്കാനാകില്ലെന്നും ഒക്ടോബർ രണ്ടിന് പ്രത്യേക പരിപാടികൾ സംഘടിപ്പിക്കണമെന്ന ഉത്തരവ് തിരുത്തണമെന്നും സിഎൽസി സംസ്ഥാന സമിതി സംസ്ഥാന സർക്കാരിനോട് അഭ്യർഥിച്ചു. സംസ്ഥാന ഡയറക്ടർ ഫാ. ഫ്രജോ വാഴപ്പിള്ളി പ്രമേയം അവതരിപ്പിച്ചു. പ്രസിഡൻറ് ഷോബി കെ. പോൾ അധ്യക്ഷത വഹിച്ചു. സെക്രട്ടറി ജെയിംസ് പഞ്ഞിക്കാരൻ, ട്രഷറർ ബിജിൽ സി. ജോസഫ്, സിജു തോമസ്, റീത്ത ദാസ്, ഡിൽജോ തരകൻ, ഷീല ജോയ്, അനിൽ പാലത്തിങ്കൽ, ബിബിൻ പോൾ, യുവി അൽദോ എന്നിവർ പ്രസംഗിച്ചു.

### സിബിസിഐ ലെയ്റ്റി കൗൺസിൽ

കൊച്ചി: പൊതു അവധിയായി പ്രഖ്യാപിച്ചിരിക്കുന്ന ഞായറാഴ്ചകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടർച്ചയായി പ്രവൃത്തിദിനമാക്കുന്ന സർക്കാർ ഉത്തരവുകൾ അംഗീകരിക്കാനാവില്ലെന്നു കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇന്ത്യ ലെയ്റ്റി കൗൺസിൽ. ഗാന്ധിജയന്തി ദിനത്തിൻറെ ഭാഗമായി സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒക്ടോബർ രണ്ട് ഞായറാഴ്ച പ്രത്യേക പരിപാടികൾ സംഘടിപ്പിച്ച് പ്രവർത്തിക്കണമെന്ന ഉത്തരവ് തിരുത്തണമെന്ന് സെക്രട്ടറി ഷെവ. വി.സി. സെബാസ്റ്റ്യൻ സർക്കാരിനോട് ആവശ്യപ്പെട്ടു.

### ചങ്ങനാശേരി അതിരൂപത

ചങ്ങനാശേരി: ഗാന്ധിജയന്തി ആചരണത്തിൻറെ ഭാഗമായി സ്കൂളുകളിൽ വിദ്യാർഥികളെയും രക്ഷിതാക്കളെയും അധ്യാപകരെയും പങ്കെടുപ്പിച്ച് ഒക്ടോബർ രണ്ട് ഞായറാഴ്ച ലഹരി വിരുദ്ധ കാമ്പയിൻ നടത്തുവാൻ വിദ്യാഭ്യാസ വകുപ്പ് അധികൃതർ എടുത്ത തീരുമാനത്തിൽ സെൻറ് മേരീസ് മെത്രാപ്പോലീത്തൻ പാരിഷ്ഹാളിൽ സംഘടിപ്പിച്ച ചങ്ങനാശേരി അതിരൂപത കുടുംബക്കൂട്ടായ്മ ദീപിക ഫ്രണ്ട്സ് ക്ലബ് നേതൃകൺവൻഷൻ പ്രതിഷേധിച്ചു.

സർക്കാർ ഉത്തരവ് പിൻവലിക്കണമെന്നും സമ്മേളനം പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. അതിരൂപതാ വികാരി ജനറാൾ മോൺ. ജോസഫ് വാണിയപ്പുരയ്ക്കൽ വിഷയാവതരണം നടത്തി. ഡിഎഫ്സി ആലപ്പുഴ ഫൊറോനാ പ്രസിഡൻറ് ബേബി പാറക്കാടൻ അവതാരകനായിരുന്നു.

### ടീച്ചേഴ്സ് ഗിൽഡ്

കൊച്ചി: ഞായറാഴ്ച സ്കൂളുകൾക്കു പ്രവൃത്തി ദിനമാക്കാനുള്ള നീക്കം ഉപേക്ഷിക്കണമെന്ന് കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്. വിദ്യാർഥികൾക്കൊപ്പം രക്ഷിതാക്കളും സ്കൂളുകളിലെത്തി ഈ ക്ലാസുകളിൽ പങ്കെടുക്കണമെന്ന വിദ്യാഭ്യാസ വകുപ്പിൻറെ സർക്കുലർ എത്രയും വേഗം പിൻവലിക്കണമെന്ന് ടീച്ചേഴ്സ് ഗിൽഡ് സംസ്ഥാന പ്രസിഡൻറ് ബിജു ഓളാട്ടുപുറം, സംസ്ഥാന ഡയറക്ടർ ഫാ.ആൻറണി അറയ്ക്കൽ, ജനറൽ സെക്രട്ടറി സി.ടി. വർഗീസ്, ട്രഷറർ മാത്യു ജോസഫ് എന്നിവർ ആവശ്യപ്പെട്ടു.

# സീറോമലബാർ സഭയുടെ സിനഡനന്തര സർക്കുലർ

(3-ാം പേജിൽ നിന്ന് തുടർച്ച)

## ആദരങ്ങളും ബഹുമതികളും

സീറോമലബാർസഭയുടെ ആരാധനാക്രമരംഗത്ത് നിസ്തുലമായ സംഭാവനകൾ നൽകുന്നവരെ ആദരിക്കാനായി 'പൗരസ്ത്യരത്നം' അവാർഡ് ഏർപ്പെടുത്തുവാൻ സിനഡ് തീരുമാനിച്ചു. നമ്മുടെ സഭയുടെ ആരാധനാക്രമപൈതൃകങ്ങളെ സംരക്ഷിക്കാൻ ആത്മാർത്ഥമായി പരിശ്രമിച്ച അഭിവന്ദ്യ മാർ ജോസഫ് പൗവ്വത്തിൽ പിതാവാണ് പ്രഥമ പൗരസ്ത്യരത്നം അവാർഡിന് അർഹമായിരിക്കുന്നത്. നവതിയുടെ നിറവിലായിരിക്കുന്ന അവാർഡ് ജേതാവിന് സഭയുടെ മുഴുവൻ അനുമോദനങ്ങളും പ്രാർത്ഥനകളും നേരുന്നു. സാമൂഹികസേവനരംഗത്തെ നിസ്വാർത്ഥ സേവനങ്ങളെ ആദരിക്കാനായി ഏർപ്പെടുത്തിയ അവാർഡിന് ഈ വർഷം അർഹമായിരിക്കുന്നത് മാനന്തവാടി രൂപതയിലെ ഫാ.ജോസഫ് ചിറ്റൂരും ജഗ്ദൽപൂർ രൂപതയിലെ സിസ്റ്റർ ലിസ്സെറ്റും ചങ്ങനാശ്ശേരി അതിരൂപതയിലെ ബഹു. പി.യു. തോമസ് സാറുമാണ്. അവാർഡ് ജേതാക്കളുടെ സമാനതകളില്ലാത്ത സാമൂഹിക പ്രതിബദ്ധതയെ സിനഡ് ആദരപൂർവ്വം നമിക്കുന്നു.

## പുതിയ ഇടയന്മാർ

ഇന്ത്യയിലെ 23 സംസ്ഥാനങ്ങളിലായി വ്യാപിച്ചുകിടക്കുന്ന ഷംഷാബാദ് രൂപതയുടെ അതിർത്തികൾ ഇതര സീറോമലബാർ രൂപതകളുടെ അതിർത്തികളുമായി പുനഃക്രമീകരിക്കേണ്ടത് ആവശ്യമാണെന്ന് സിനഡ് വിലയിരുത്തി. ശ്ലൈഹിക സിംഹാസനത്തിന്റെ അനുമതിയോടെ ഇക്കാര്യം നടപ്പിൽ വരുത്തുന്നതാണ്. സഭയുടെ പ്രേഷിതപ്രവർത്തനങ്ങളെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള കർമപദ്ധതികൾ സിനഡ് ആവിഷ്ക്കരിച്ചിട്ടുണ്ട്. അതിവിശാലമായ ഷംഷാബാദ് രൂപതയുടെ മിഷൻ പ്രവർത്തനങ്ങളും പ്രവാസികളുടെ അജപാലനവും സുഗമമാക്കുന്നതിനായി പ്രസ്തുത രൂപതയ്ക്കായി രണ്ട് സഹായമെത്രാന്മാരെ സിനഡ് തെരഞ്ഞെടുത്തു. പാലാ രൂപതയിലെ വൈദികനായ ഫാ. ജോസഫ് കൊല്ലംപറമ്പിൽ, ചങ്ങനാശ്ശേരി അതിരൂപതയിലെ വൈദികനായ ഫാ. തോമസ് പാടിയത്ത് എന്നിവരാണ് ഷംഷാബാദ് രൂപതയുടെ പുതിയ സഹായമെത്രാന്മാരായി നിയമിതരായി. രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിനും പുതിയ സഹായമെത്രാന്മാർക്കും ഷംഷാബാദ് രൂപതയ്ക്കും പ്രാർത്ഥനാനിർഭരമായ ഭാവുകങ്ങൾ ആശംസിക്കുന്നു. ഷംഷാബാദ് രൂപതയുടെ സ്ഥാപനത്തിലൂടെ ഭാരതം മുഴുവനിലും പ്രവർത്തനം വ്യാപിപ്പിക്കാൻ പുതിയ ക്രമീകരണങ്ങളിലൂടെ നമുക്ക് ആത്മാർത്ഥമായി പരിശ്രമിക്കാം.

1973ൽ ആരംഭിച്ച മാനന്തവാടി രൂപത കേരളത്തിലെ മലപ്പുറം, വയനാട്, കണ്ണൂർ ജില്ലകളിലും തമിഴ്നാട്ടിലെ നീലഗിരി ജില്ലയിലും വ്യാപിച്ചതാണ്. വിശാലമായ ഈ രൂപതയുടെ അജപാലന നിർവഹണത്തിന് ഒരു സഹായമെത്രാനെ ആവശ്യമാണെന്ന രൂപതാദ്ധ്യക്ഷന്റെ അഭ്യർത്ഥന അംഗീകരിച്ച സിനഡ് തലശ്ശേരി അതിരൂപതാംഗമായ ഫാ. അലക്സ് താരാമംഗലത്തിനെ മാനന്തവാടി രൂപതയുടെ സഹായമെത്രാനായി തെരഞ്ഞെടുത്തു. രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവിനും പുതിയ സഹായമെത്രാനും മാനന്തവാടി രൂപതയ്ക്കും പ്രാർത്ഥനാനിർഭരമായ ഭാവുകങ്ങൾ നേരുന്നു. ചിക്കാഗോ രൂപതയുടെ സഹായമെത്രാനായിരുന്ന അഭിവന്ദ്യ മാർ ജോയി ആലപ്പാട്ട് പിതാവിനെ പ്രസ്തുത രൂപതയുടെ മെത്രാനായി ഫ്രാൻസീസ് മാർപ്പാപ്പ നിയോഗിച്ചു. പുതിയ ഇടയനും ചിക്കാഗോ രൂപതയ്ക്കും അഭിനന്ദനങ്ങളും പ്രാർത്ഥനകളും നേരുന്നു. തന്റെ സഭയിലെ ശുശ്രൂഷയ്ക്കായി അനുയോജ്യരായ ഇടയന്മാരെ നൽകുന്ന നല്ല ദൈവത്തിനു നമുക്ക് നന്ദി പറയാം.

## വിരമിക്കൽ

ചിക്കാഗോ രൂപതയുടെ മെത്രാനായി രണ്ടുപതിറ്റാണ്ടിലേറെ ശുശ്രൂഷചെയ്ത അഭിവന്ദ്യ മാർ ജേക്കബ് അങ്ങാടിയത്ത് പിതാവ് 75 വയസ്സ് പൂർത്തിയായതിനെത്തുടർന്ന് സഭാനിയമപ്രകാരം നൽകിയ രാജി പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പ സ്വീകരിച്ചു. ഇല്ലായ്മകളുടെ നടുവിൽനിന്നു ചിക്കാഗോ സെന്റ് തോമസ് സീറോമലബാർ രൂപതയെ വളർത്തിയെടുത്തത് അഭിവന്ദ്യ പിതാവിന്റെ ക്രാന്തദർശനവും ദൈവാശ്രയ ബോധത്തിലൂന്നിയുള്ള കഠിനാദ്ധ്വാനവുമാണ്. അഭിവന്ദ്യ ജേക്കബ് അങ്ങാടിയത്ത് പിതാവിന്റെ നിസ്തുലമായ സേവനത്തെ സിനഡ് ആദരപൂർവ്വം ഓർമിക്കുന്നു.

എറണാകുളം-അങ്കമാലി അതിരൂപതയ്ക്കുവേണ്ടിയുള്ള മേജർ ആർച്ചുബിഷപ്പിന്റെ വികാരി സ്ഥാനത്തുനിന്നു വിരമിച്ച അഭിവന്ദ്യ മാർ ആന്റണി കരിയിൽ പിതാവിന്റെ സേവനങ്ങളെയും സിനഡ് കൃതജ്ഞതയോടെ സ്മരിക്കുന്നു. സീറോമലബാർസഭയുടെ മെത്രാൻ സിനഡിന്റെ സെക്രട്ടറി എന്ന നിലയിൽ അഭിവന്ദ്യ പിതാവു കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ ചെയ്ത സേവനം ശ്ലാഘനീയമാണ്.

പാലാ രൂപതയുടെ സഹായമെത്രാനായി സേവനം ചെയ്തിരുന്ന അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് സന്യാസജീവിതത്തോടുള്ള താത്പര്യത്താൽ ശുശ്രൂഷയിൽനിന്നു വിരമിക്കാനുള്ള ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ട് രാജി സമർപ്പിച്ചു. വിശദമായ ചർച്ചകൾക്കും പ്രാർത്ഥനകൾക്കുംശേഷം അഭിവന്ദ്യ മാർ മുരിക്കൻ പിതാവിന്റെ രാജി പെർമനന്റ് സിനഡിന്റെ അനുവാദത്തോടെ മേജർ ആർച്ചുബിഷപ്പു സ്വീകരിച്ചു. കഴിഞ്ഞ പത്തുവർഷങ്ങളായി പാലാ രൂപതയുടെ സഹായമെത്രാനെന്നനിലയിലും സിനഡിന്റെ വിവിധ കമ്മീഷനുകളിലെ അംഗമെന്നനിലയിലും അഭിവന്ദ്യപിതാവു നൽകിയ നിസ്തുലങ്ങളായ സേവനങ്ങളെ സിനഡ് നന്ദിയോടെ അനുസ്മരിക്കുന്നു. തുടർന്നുള്ള താപസജീവിതവഴികളിൽ എല്ലാ ദൈവാനുഗ്രഹങ്ങളും ആശംസിക്കുന്നു!

## യുവജനപ്രേഷിതത്വം

സഭയുടെ ശക്തിയായ യുവജനങ്ങളുടെ അജപാലനം ഈ സിനഡിന്റെ മുഖ്യ ചർച്ചാവിഷയങ്ങളിൽ ഒന്നായിരുന്നു. യുവജനങ്ങളോടൊത്തു സഞ്ചരിക്കുന്ന സഭയായി നാം മാറേണ്ടതുണ്ടെന്നു സിനഡ് വിലയിരുത്തി. ഇന്ത്യയ്ക്കു പുറത്തുള്ള നാലു സീറോമലബാർ രൂപതകളിലെയും യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേഷനിലേയും യുവജനങ്ങൾ സംയുക്തമായി റോമിൽ നടത്തിയ സമ്മേളനം (Arise 2022) ഏറെ പ്രതീക്ഷ പകരുന്നതാണ്.

പ്രതിസന്ധികൾക്കുനടുവിലും സഭാനൗകയെ ശാന്തമായി മുന്നോട്ടു നയിക്കുന്ന നല്ല ദൈവത്തിന്റെ കരുതലാർന്ന പരിപാലനയ്ക്കു നമുക്ക് നന്ദി പറയാം. ദൈവത്തിന്റെ അനുഗ്രഹീതമാതാവും നമ്മുടെ അമ്മയുമായ പരിശുദ്ധ കന്യകാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെയും മാധ്യസ്ഥ്യം നമുക്കു സഹായമാകട്ടെ. പിതാവായ ദൈവത്തിന്റെ അതിരില്ലാത്ത സ്നേഹവും നമ്മുടെ കർത്താവീശോമിശിഹായുടെ നിരന്തരസാന്നിധ്യവും പരിശുദ്ധാത്മാവിന്റെ കൃപയാർന്ന പരിപാലനയും നമ്മോടുകൂടെ എന്നുമുണ്ടായിരിക്കട്ടെ!

**കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

# പി ഒ സി യിൽ പ്രതിമാസ നാടകം

കൊച്ചി: കെസിബിസി മീഡിയാ കമ്മീഷൻ വൈസ് ചെയർമാൻ മാർ പോളി കണ്ണൂക്കാടൻ ഉദ്ഘാടനം ചെയ്ത മുപ്പത്തിമൂന്നാമത് കെസിബിസി നാടകമേള സമാപിച്ചു. നാടകാചാര്യൻ സി.എൽ. ജോസിനുള്ള കെസിബിസിയുടെ ആദരം ജയപ്രകാശ് കുളൂർ സമർപ്പിച്ചു. നടൻ കൈലാഷ്, പ്രഫ. അജു നാരായണൻ, ദിവ്യദർശ്, നിർമാതാവ് ജോളി ജോസഫ്, മോൺ. ജോർജ് കുരുക്കൂർ, ഫാ.ജേക്കബ് പാലക്കാപ്പിള്ളി, ഫാ. ഏബ്രഹാം ഇരിമ്പിനിക്കൽ, ഫാ. ആൻറണി വടക്കേകര വി.സി., കെ.വി. തോമസ് എന്നിവർ പ്രസംഗിച്ചു. ഈ വർഷത്തെ നാടക അവാർഡ് ജേതാക്കളായ രാജേഷ് ഇരുളം (മികച്ച സംവിധാനം), സതീഷ് കുന്നത്ത് (മികച്ച നടൻ), സന്ധ്യ മുരുകേഷ് (മികച്ച നടി) എന്നിവർക്ക് അവാർഡ് സമ്മാനിച്ചു. കാഞ്ഞിരപ്പള്ളി അമലയുടെ 'കടലാസ്സിലെ ആന' ആണ് മികച്ച നാടകം. മികച്ച രണ്ടാമത്തെ നാടകങ്ങൾ വള്ളുവനാട് ബ്രഹ്മയുടെ 'രണ്ടു നക്ഷത്രങ്ങൾ', ചങ്ങനാശ്ശേരി അണിയറയുടെ 'നാലുവരിപ്പാത' എന്നിവയാണ്. ബെന്നി പി നായരമ്പലം, ടി. എം എബ്രഹാം, ഷർലി സോമസുന്ദരം എന്നിവരടങ്ങുന്ന ജൂറി ആണ് വിജയികളെ പ്രഖ്യാപിച്ചത്. മാർ സെബാസ്റ്റ്യൻ വാണിയപുരക്കൽ അവാർഡ് ദാനം നിർവ്വഹിച്ചു. ചടങ്ങിൽ ചലച്ചിത്ര പ്രതിഭ ദിലീഷ് പോത്തൻ, നടി അന്നാബെൻ, എഴുത്തുകാരൻ അബിൻ ജോസഫ് തുടങ്ങിയവർക്കുള്ള കെസിബിസി മാധ്യമപുരസ്കാരങ്ങളും സമ്മാനിച്ചു.

പ്രേഷകരുടെ അഭ്യർത്ഥന മാനിച്ച് മൂല്യാധിഷ്ഠിത കലാസാംസ്കാരികപ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഇനിമുതൽ എല്ലാ മാസവും പി ഒ സി യിൽ നാടകം സങ്കടിപ്പിക്കാൻ തീരുമാനിച്ച വിവരം കെസിബിസി മീഡിയാ കമ്മീഷൻ സെക്രട്ടറി ഫാ. ഏബ്രഹാം ഇരിമ്പിനിക്കൽ അറിയിച്ചു.

# കാനൻ ലോ സൊസൈറ്റിക്ക് പുതിയ ഭാരവാഹികൾ



റവ. ഡോ. ജോർജ് തെക്കേക്കര



റവ. ഡോ. സെബാസ്റ്റ്യൻ പയ്യപ്പിള്ളി

കൊച്ചി: ഓറിയൻറൽ കാനൻ ലോ സൊസൈറ്റി ഓഫ് ഇന്ത്യയുടെ (ഒസിഎൽഎസ്ഐ) പുതിയ പ്രസിഡൻറായി റവ. ഡോ. ജോർജ് തെക്കേക്കരയെയും (കോതമംഗലം) സെക്രട്ടറിയായി റവ. ഡോ. സെബാസ്റ്റ്യൻ പയ്യപ്പിള്ളിയെയും (സിഎംഐ) തെരഞ്ഞെടുത്തു. ഭരണങ്ങാനം എംഎസ്ടി ജനറലേറ്റിൽ (ദീപ്തിഭവൻ) നടന്ന ഒസിഎൽഎസ്ഐ ത്രിദിന വാർഷിക സമ്മേളനത്തിലായിരുന്നു തെരഞ്ഞെടുപ്പ്. റോമിലെ ഓറിയൻറൽ കാനൻ ലോ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നു ഡോക്ടറേറ്റ് നേടിയ ഫാ. തെക്കേക്കര, ഇപ്പോൾ വടവാതൂർ കാനൻ ലോ ഇൻസ്റ്റിറ്റ്യൂട്ടിൽ അധ്യാപകനാണ്. കാനഡയിലെ ഒട്ടാവ യൂണിവേഴ്സിറ്റിയിൽനിന്നു ഡോക്ടറേറ്റു നേടിയ ഫാ. പയ്യപ്പിള്ളി ധർമാരാം കാനൻ ലോ ഇൻസ്റ്റിറ്റ്യൂട്ടിൽ അധ്യാപകനാണ്.


മറ്റു ഭാരവാഹികൾ: വൈസ് പ്രസിഡൻറ്സിസ്റ്റർ ഡോ. റോസ്മിൻ ചരിവുകാലായിൽ (എസ്എച്ച് പാലാ), ട്രഷറർറവ. ഡോ. തോമസ് പാറയ്ക്കൽ (തിരുവല്ല), എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ സിസ്റ്റർ ഡോ. ഷെറിൻ വടക്കേൽ (എസ്എച്ച് ഇടുക്കി), റവ. ഡോ. അലക്സ് വേലാച്ചേരി (ഇടുക്കി), റവ. ഡോ. ജെയിംസ് പാമ്പാറ (സിഎംഐ).

# ദൈവദാസൻ വർക്കി കാട്ടറാത്തച്ചന്റെ 91ാം ചരമവാർഷികം ആചരിച്ചു

VC CONGREGATION



വൈക്കം: വിൻസെൻഷ്യൻ സഭാസ്ഥാപകനായ ദൈവദാസൻ വർക്കി കാട്ടറാത്തച്ചന്റെ 91ാം ചരമവാർഷികം ആചരിച്ചു. ഒക്ടോബർ 24ാം തീയ്യതി സഭയുടെ മാതൃഭവനമായ തോട്ടകം ആശ്രമത്തിലെ കബറിടത്തിങ്കൽ വെച്ച് നടത്തപ്പെട്ട അനുസ്മരണച്ചടങ്ങുകൾക്ക് വിൻസെൻഷ്യൻ സഭയുടെ സുപ്പീരിയർ ജനറൽ ബഹു. ഫാ. ജോൺ കണ്ടത്തിങ്കര നേതൃത്വം നൽകി. മാരിമാതാ പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. ഫാ. പോൾ പുതുവ, സെന്റ്. ജോസഫ് പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. ഫാ. മാത്യു കക്കാട്ടുപള്ളിൽ, സെന്റ്. തോമസ് പ്രൊവിൻസിലെ ബഹു. ഫാ. ജോസഫ് എടാട്ട്, നാമകരണ സമിതിയുടെ പോസ്റ്റുലേറ്റർ ബഹു. ഫാ. ജോസഫ് എറമ്പിൽ, ആശ്രമം സുപ്പീരിയർ ബഹു. ഫാ. ആന്റണി പയ്യപ്പിള്ളിൽ, സെന്റ്. ഗ്രിഗോറിയോസ് ഇടവക വികാരി ബഹു. ഫാ. റോമുളൂസ് നെടുംചാലിൽ എന്നിവർ സഹകാർമ്മികരായിരുന്നു. വചനോത്സവം മാനേജർ ബഹു. ഫാ. ജേക്കബ് കാട്ടിപ്പറമ്പിൽ വചനസന്ദേശം നൽകി. കാട്ടറാത്ത് മെമ്മോറിയൽ ക്വിസ് മത്സരത്തിൽ വിജയികളായവർക്ക് ക്യാഷ് അവാർഡ് സമ്മാനിച്ചു. പങ്കെടുത്ത എല്ലാവർക്കും നേർച്ചഭക്ഷണം നൽകി.



# വൈദിക പരിശീലനം: ദേശീയ കോൺഫറൻസ് സമാപിച്ചു

CMI CONGREGATION



ബംഗളൂരു: മേജർ സെമിനാരികളിലെ ആത്മീയ രൂപീകരണം എന്ന വിഷയത്തിൽ ബംഗളൂരു ധർമാരാം കോളജിൽ നടന്ന ദേശീയ കോൺഫറൻസ് സമാപിച്ചു. മൂന്നുദിവസം നീണ്ടുനിന്ന കോൺഫറൻസിൽ ഭാരത കത്തോലിക്കാസഭയിലെ പ്രമുഖർ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും വൈദികവിദ്യാർഥികളുടെ പരിശീലനത്തിനും ആത്മീയ വളർച്ചയ്ക്കും ഉതകുന്ന പ്രായോഗിക നടപടികൾ ചർച്ചചെയ്യുകയും ചെയ്തു. സമാപന സമ്മേളനത്തിൽ പൂനെ ദേനോബിലി കോളജ് റെക്ടർ ഫാ. ഫ്രാൻസിസ് പുതുച്ചേരി അധ്യക്ഷത വഹിച്ചു. സീറോമലബാർ സഭയുടെ കൂരിയ മെത്രാൻ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ സമാപന സന്ദേശം നൽകി. സിഎംഐ സഭയുടെ പ്രധാന പരിശീലനകേന്ദ്രമായ ധർമാരാം കോളജിൻറെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ദേശീയ കോൺഫറൻസിൽ രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിൽനിന്നായി നിരവധി വൈദികരും

# മേരിമാതാ പ്രൊവിൻസ് കുടുംബകൂട്ടായ്മ

VC CONGREGATION



അങ്കമാലി: വിൻസെൻഷ്യൻ സഭയുടെ അങ്കമാലി ആസ്ഥാനമായുള്ള മാരിമാതാ പ്രൊവിൻസിന്റെ കുടുംബകൂട്ടായ്മ ഒക്ടോബർ 29ാം തീയ്യതി ആഘോഷിച്ചു. ഒരു ദിവസം മുഴുവൻ നീണ്ടുനിന്ന ആഘോഷപരിപാടികളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. ഫാ. പോൾ പുതുവ സ്വാഗതം ആശംസിച്ചു. റിപ്പോർട്ട് അവതരണത്തിനുശേഷം ബഹു. ഫാ. പോൾ തരകൻ സാമ്പത്തിക കണക്കുകൾ വായിച്ചു. ബഹു. ഫാ. ഫിലിപ് നെടുംതുരുത്തിൽ മോഡറേറ്ററായും, ബഹു. ഫാ. ആന്റണി വടക്കേകര സെക്രട്ടറിയായും തിരഞ്ഞെടുക്കപ്പെടുകയും ചർച്ചകളെ നിയന്ത്രിക്കുകയും ചെയ്തു. വിവിധ മിഷൻ പ്രദേശങ്ങളിൽനിന്നും എത്തിയ മിഷനറിമാർ തങ്ങളുടെ അനുഭവങ്ങൾ പങ്കുവെച്ചു. ബഹു. ഫാ. പോൾ പുതുവയുടെ മുഖ്യ കാർമികത്വത്തിൽ നടന്ന വി. കുർബ്ബാനയർപ്പണത്തിൽ ബഹു. ഫാ. ജോസ് കണ്ണമ്പള്ളി വചനസന്ദേശം നൽകി. മൺമറഞ്ഞുപോയ സഭാംഗങ്ങൾക്ക് വേണ്ടി അനുസ്മരണ പ്രാർത്ഥന നടത്തി. തുടർന്ന് നടന്ന സ്നേഹവിരുന്നിൽ സുപ്പീരിയർ ജനറൽ ബഹു. ഫാ. ജോൺ കണ്ടത്തിൻകര, അസി. സുപ്പീരിയർ ജനറൽ ബഹു. ഫാ. ടോണി ചക്കുങ്ങൽ എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു. വിദേശരാജ്യങ്ങളിൽ സഭാശുശ്രൂഷ നടത്തുന്ന വൈദികർ തങ്ങളുടെ പ്രേഷിതമേഖലകളെക്കുറിച്ചു സംസാരിച്ചു. എഴുപതോളം വൈദികർ പങ്കെടുത്ത കുടുംബകൂട്ടായ്മയ്ക്ക് അസി. പ്രൊവിൻഷ്യൽ ബഹു. ഫാ. മാത്യു തടത്തിൽ കൃതജ്ഞത അർപ്പിച്ചു.

# സിസ്റ്റർ മരിയ സെലിൻ ധന്യപദവിയിൽ



കണ്ണൂർ: ഉർസുലൈൻ സന്യാസിനീ സഭാംഗം സിസ്റ്റർ മരിയ സെലിൻ കണ്ണനായ്ക്കലിനെ ധന്യയായി പ്രഖ്യാപിച്ചു. ഇതുസംബന്ധിച്ച പ്രഖ്യാപനം വത്തിക്കാനിൽ നടന്നു. ഇതോടെസിസ്റ്റർ മരിയ സെലിൻ വിശുദ്ധ പദവിയിലേക്ക് കൂടുതൽ അടുത്തിരിക്കുകയാണ്. വ്രതവാഗ്ദാനം ചെയ്ത് കേവലം 35 ദിവസം മാത്രം ജീവിക്കുകയും സന്യാസിനീസമൂഹത്തിൽ കേവലം മൂന്നു വർഷം മാത്രം ജീവിക്കുകയും ചെയ്ത സിസ്റ്റർ മരിയ സെലിൻറെ ധന്യപദവി പ്രഖ്യാപനം ഏറെ ആഹ്ലാദത്തോടെയാണ് ഉർസുലൈൻ സന്യാസിനീ സമൂഹം സ്വീകരിച്ചത്.

തൃശൂർ അതിരൂപതയിലെ കുണ്ടന്നൂർ ഇടവകയിലെ കണ്ണനായ്ക്കൽ ഫ്രാൻസിസിൻറെയും ഫിലോമിനയുടെയും രണ്ടാമത്തെ മകളായി 1931 ഫെബ്രുവരി 13നാണ് സിസ്റ്റർ മരിയ സെലിൻ ജനിച്ചത്. അധ്യാപികയായിരുന്ന സിസ്റ്റർ മരിയ സെലിൻ ജോലി രാജിവച്ച് 1954 ജൂൺ 24നാണ് ഉർസുലൈൻ സഭയിൽ ചേർന്നത്. 1957 ജൂൺ 20നായിരുന്നു വ്രതവാഗ്ദാനം. 1957 ജൂലൈ 25ന് തൻറെ 26ാമത്തെ വയസിൽ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 2007 ജൂലൈ 29ന് സിസ്റ്റർ സെലിൻറെ വിശുദ്ധ പദവി പ്രഖ്യാപനത്തിനുള്ള ഒരുക്കങ്ങൾ തുടങ്ങി. 2012 ഫെബ്രുവരി 29ന് സഭ ദൈവദാസി പദവിയിലേക്ക് ഉയർത്തി. കണ്ണൂർ പയ്യാമ്പലത്തെ ഉർസുലൈൻ പ്രോവിൻസ് ചാപ്പലിലാണ് സിസ്റ്റർ മരിയ സെലിൻറെ കബറിടം സ്ഥിതിചെയ്യുന്നത്.


ധന്യപദവി പ്രഖ്യാപനം സംബന്ധിച്ച ആഘോഷം പിന്നീട് കണ്ണൂരിൽ നടക്കുമെന്ന് ഉർസുലൈൻ സന്യാസിനീസഭ നേതൃത്വം അറിയിച്ചു

MSP CONGREGATION

# പുതിയ മിഷൻ കേന്ദ്രം ഒരു ദിവ്യകാരുണ്യ കേന്ദ്രമായി മാറട്ടെ: മാർ ജോസ് പുത്തൻവീട്ടിൽ



പഞ്ചാബ് : എം എസ് പി സൊസൈറ്റി പഞ്ചാബിലെ sangrur ജില്ലയിലെ സുനാമിൽ ഒരു വർഷം മുൻപ് ആരംഭിച്ച മിഷന് ശേഷം ബർണല ജില്ലയിൽ തപ്പാമിൽ പുതിയ മിഷൻ സ്റ്റേഷൻ ആരംഭിച്ചു. ഫരീദാബാദ് ഡൽഹി രൂപതയുടെ സഹായമെത്രാൻ മാർ ജോസ് പുത്തൻവീട്ടിൽ പിതാവ് വെഞ്ഞിരിപ്പുകർമ്മം നിർവഹിച്ചു . എം.എസ്.പിയുടെ ഈ മിഷൻ ഭവനം ഈ നാട്ടിലെ അനേകർക്ക് അഭയമേകുന്ന ഒരു ദിവ്യകാരുണ്യ ഭവനമായി മാറട്ടെ എന്ന് അഭിവന്ദ്യ പിതാവ് ആശംസിച്ചു. പഞ്ചാബ് മിഷനു വേണ്ടി അഭി. മാത്യു മൂലക്കാട്ട് മെത്രാപ്പോലീത്തയും കോട്ടയം അതിരൂപതയിലെ സഹായക മെത്രാന്മാരും നൽകുന്ന എല്ലാ പിന്തുണയ്ക്കും ഫരീദാബാദ് ഡൽഹി രൂപത അധ്യക്ഷൻ അഭിവന്ദ്യ മാർ കുര്യാക്കോസ് ഭരണികുളങ്ങര മെത്രാപ്പോലീത്തായുടെ നന്ദി അഭിവന്ദ്യ പിതാവ് അറിയിച്ചു. പഞ്ചാബിൽ സേവനം ചെയ്യുന്ന നിരവധി മിഷനറി വൈദികരും സന്യസ്തരും വെഞ്ചിരിപ്പ് കർമ്മത്തിൽ സന്നിഹിതരായിരുന്നു. സുനാം, ബർണളാ മിഷനിൽ നിന്നുള്ള സ്വദേശിയരായ നിരവധി പ്രേക്ഷിതരുടെയും മലയാളി സുഹൃത്തുക്കളുടെയും സാന്നിധ്യം ചടങ്ങിനെ കൂടുതൽ അനുഗ്രഹീതമാക്കി. അതോടൊപ്പം പഞ്ചാബ് മിഷന്റെ വിജയത്തിനായി സുനം മിഷനിൽ നടക്കുന്ന ആയിരം മണിക്കൂർ ദിവ്യകാരുണ്യ ആരാധനാ 70 മണിക്കൂർ പിന്നിട്ടു. SH Mount ഇടവകയിൽ നിന്നുള്ള ശ്രീ. പൂക്കുമ്പേൽ ജോസ്, മാമ്പറപറമ്പിൽ അമൽ എന്നിവരുടെ തുടർച്ചയായ സാന്നിധ്യത്തോടെ അഞ്ചു ദിവസം പിന്നിട്ടു. ഫരീദാബാദ് രൂപത എംഎസ്പി സമൂഹത്തെ ഏൽപ്പിച്ച പഞ്ചാബിലെ ബർണാല, സംഗൂർ എന്നീ രണ്ട് ജില്ലകളിലെ പ്രവർത്തനങ്ങൾ ഇപ്പോൾ പട്ടിയാല ജില്ലയിലും തുടങ്ങിയിരിക്കുന്നു. എംഎസ്പി സമൂഹത്തിലെ ആറു വൈദികർ ഇപ്പോൾ ഈ മൂന്നു ജില്ലകളിലെ വിവിധ ഗ്രാമങ്ങളിലായി ശുശ്രൂഷ ചെയ്തു വരുന്നു.




# ദൈവദാസി മദർ ഷന്താളിൻറെ കബറിടം തുറന്നു

SABS CONGREGATION



അതിരമ്പുഴ: വിശുദ്ധ കുർബാനയുടെ ആരാധനാ സന്യാസിനീ സമൂഹത്തിൻറെ സഹസ്ഥാപക ദൈവദാസി മദർ മേരി ഷന്താളിൻറെ കബറിടം തുറന്ന് ഭൗതികാവശിഷ്ടങ്ങൾ പുറത്തെടുത്ത് സഭാ നിയമങ്ങൾക്കനുസരിച്ചുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയശേഷം പുനഃസംസ്കാരം നടത്തി. ദൈവദാസിയുടെ അതിരൂപതാതല നാമകരണ നടപടിയുടെ ഭാഗമായി അതിരന്പുഴ ആരാധനാമഠം ചാപ്പലിൽ നടന്ന കർമങ്ങൾക്ക് ചങ്ങനാശേരി ആർച്ച്ബിഷപ് മാർ ജോസഫ് പെരുന്തോട്ടം കാർമികത്വം വഹിച്ചു. അതിരൂപതാ വികാരി ജനറാൾമാരായ റവ. ഡോ. തോമസ് പാടിയത്ത്, ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ, എസ്എബിഎസ് സുപ്പീരിയർ ജനറാൾ മദർ റോസിലി ജോസ് ഒഴുകയിൽ, അതിരൂപതാ ചാൻസലർ റവ.ഡോ. ഐസക് ആലഞ്ചേരി, നാമകരണ നടപടികളുടെ പോസ്റ്റുലേറ്റർ റവ.ഡോ. ജോസഫ് കൊല്ലാറ, നോട്ടറി ഫാ. തോമസ് പ്ലാപറന്പിൽ, അതിരമ്പുഴ ഫൊറോന വികാരി റവ.ഡോ. ജോസഫ് മുണ്ടകത്തിൽ, ഡോ. ബോബൻ ജോസഫ്, ഡോ. ബി.കെ. ജയിംസ്കുട്ടി, ആർക്കിടെക്ട് ജോൺ ജെ. കോച്ചേരി എന്നിവർ നേതൃത്വം നൽകി.

# വ്രതവാഗ്ദാന രജത ജൂബിലി

CSC CONGREGATION



കോലഴി: സി.എസ്.സി സന്യാസിനി സമൂഹത്തിൽ സന്ന്യാസ സമർപ്പണത്തിന്റെ 25 വർഷം പൂർത്തിയാക്കിയ 17 സിസ്റ്റേഴ്സിന്റെ വ്രതവാഗ്ദാന രജത ജൂബിലി 2022 ജനുവരി 26ന് തൃശൂർ അതിരൂപതാ മെത്രാപ്പോലീത്താ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമികത്വത്തിൽ മരിയ ഭവൻ ജനറലേറ്റിൽ വച്ച് നടത്തപ്പെട്ടു. റവ. ഫാ. ലിജോ ചാലിശ്ശേരി, റവ. ഫാ. പോൾസൺ പാലത്തിങ്കൽ എന്നിവർ സഹകാർമ്മികരായിരുന്നു.

# ഫാ. ജോർജ് നെടുങ്ങാട്ട് സഭാനിയമരംഗത്തെ അതുല്യ പ്രതിഭ: കർദിനാൾ മാർ ആലഞ്ചേരി

കാക്കനാട്: ഈശോസഭാംഗവും റോമിലെ പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ അധ്യാപകനുമായിരുന്ന ഫാ. ജോർജ് നെടുങ്ങാട്ട് സഭാനിയമരംഗത്തെ അതുല്യ പ്രതിഭയായിരുന്നുവെന്നു കർദിനാൾ മാർ ജോർജ് ആലഞ്ചേരി അനുസ്മരിച്ചു. കോഴിക്കോട് ക്രൈസ്റ്റ്ഹാളിൽ വിശ്രമജീവിതം നയിച്ചുവരവേയാണ് തൊണ്ണൂറാമത്തെ വയസ്സിൽ ഫാ. ജോർജ് നെടുങ്ങാട്ട് മരണമടഞ്ഞത്. ഏഷ്യയിലെ കത്തോലിക്കാ മെത്രാൻ സമിതിയുടെ ബാങ്കോക്കിൽ നടക്കുന്ന സമ്മേളനത്തിൽ പങ്കെടുക്കുന്നതിനാൽ മൃതസംസ്കാരശുശ്രൂഷയുടെ അവസരത്തിൽ വായിക്കുന്നതിനുള്ള സന്ദേശം മേജർ ആർച്ച്ബിഷപ് നൽകിയിരുന്നു.

1954ൽ പൗരോഹിത്യം സ്വീകരിച്ച ഫാ. നെടുങ്ങാട്ട് 1973ൽ പൗരസ്ത്യ കാനൻനിയമത്തിൽ ഡോക്ടറേറ്റ് നേടിയതിനുശേഷം പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ അധ്യാപകനായി സേവനമാരംഭിച്ചു. ആറുവർഷക്കാലം ഇൻസ്റ്റിറ്റ്യൂട്ടിന്റെ കാനൻനിയമ ഫാക്കൽട്ടിയുടെ ഡീൻ എന്ന നിലയിൽ പ്രവർത്തിച്ചിട്ടുണ്ട്. സഭാനിയമത്തിനുപുറമേ സഭാചരിത്രത്തിലും അഗാധമായ പാണ്ഡിത്യം അദ്ദേഹത്തിനുണ്ടായിരുന്നു. സീറോമലബാർ സഭയ്ക്ക് ബഹു. ജോർജ് നെടുങ്ങാട്ടച്ചനോടുള്ള പ്രത്യേക കടപ്പാട് തന്റെ അനുശോചന സന്ദേശത്തിൽ കർദിനാൾ മാർ ആലഞ്ചേരി എടുത്തുപറയുന്നുണ്ട്.



1992ൽ സീറോമലബാർസഭ മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭയായി ഉയർത്തപ്പെട്ടപ്പോൾ ആവശ്യമായ നൈയാമിക സംവിധാനങ്ങളുടെ രൂപീകരണത്തിന് ബഹു. നെടുങ്ങാട്ടച്ചൻ വലിയ സംഭാവനകൾ നൽകിയിട്ടുണ്ട്. സീറോമലബാർസഭയുടെ പ്രത്യേക നിയമങ്ങളുടെ രൂപീകരണത്തിലും അദ്ദേഹം വലിയ പങ്കുവഹിച്ചിരുന്നു. ഇപ്രകാരം പൗരസ്ത്യസഭാനിയമരംഗത്ത് ഒരു ആധികാരിക സ്ഥാനം നേടിയെടുത്ത ബഹു. ജോർജ് നെടുങ്ങാട്ടച്ചൻ സഭാചരിത്രത്തിൽ എന്നും അനുസ്മരിക്കപ്പെടുമെന്നും കർദിനാൾ തൻറെ അനുശോചന സന്ദേശത്തിൽ രേഖപ്പെടുത്തി.

# ഇ.ഡബ്ല്യൂ.എസ്. സുപ്രീം കോടതിവിധി സ്വാഗതാർഹം

കാക്കനാട്: സംവരണരഹിത വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് സാമൂഹിക നീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ 2019ൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ 103ാം ഭരണഘടനാ ഭേദഗതിപ്രകാരം രാജ്യത്ത് 10% ഇ.ഡബ്ല്യൂ.എസ്. സംവരണം നിലവിൽവന്നു. ഈ സംവരണത്തിന്റെ ഭരണഘടനാ സാധുത ചോദ്യം ചെയ്തുകൊണ്ട് ചില കക്ഷികൾ സുപ്രീംകോടതിയിൽ ഫയൽ ചെയ്ത കേസിൽ ഭരണഘടനാ ബെഞ്ചിന്റെ വിധിന്യായം ഇപ്പോൾ പുറത്തു വന്നിരിക്കുകയാണ്. 103ാം ഭരണഘടനാ ഭേദഗതിയുടെ സാധുത അടിവരയിട്ടുറപ്പിച്ചുകൊണ്ടുള്ള ഭരണഘടനാ ബെഞ്ചിന്റെ വിധി നിർണയം പൊതുവേ സ്വാഗതം ചെയ്യുന്നുവെന്ന് സീറോമലബാർ പബ്ലിക് അഫയേഴ്സ് കമ്മീഷൻ ചെയർമാൻ ആർച്ചുബിഷപ് മാർ ആൻഡ്രൂസ് താഴത്ത് പ്രസ്താവിച്ചു. വിധിയുടെ വിശദാംശങ്ങൾ പരിശോധിച്ചശേഷമേ കൂടുതൽ നിഗമനങ്ങളിൽ എത്തിച്ചേരാൻ സാധിക്കുകയുള്ളൂ. ചീഫ് ജസ്റ്റിസ് അധ്യക്ഷനായ അഞ്ചംഗ ഭരണഘടനാബെഞ്ച് ഇ.ഡബ്ല്യൂ.എസ്. സംവരണത്തെ അനുകൂലിച്ചു നടത്തിയ വിധി തികച്ചും ശ്ലാഘനീയവും സ്വാതന്ത്ര്യപ്രാപ്തി മുതലേ മുന്നാക്കം എന്ന ലേബലിൽ മുദ്രകുത്തി വിവേചനപരമായി മാറ്റിനിർത്തപ്പെട്ട വിഭാഗങ്ങളിലെ സാമ്പത്തികമായി അവശത അനുഭവിക്കുന്നവരുടെ സമുദ്ധാരണത്തിന് സഹായകവുമാണെന്നാണ് പ്രഥമദൃഷ്ട്യാ വ്യക്തമാകുന്നത്. കാലങ്ങളായി നീതി നിഷേധിക്കപ്പെട്ടവർക്ക് ഇതുവഴി നീതിയുടെ വാതിൽ തുറക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നുവെന്നും പബ്ലിക് അഫയേഴ്സ് കമ്മീഷൻ വിലയിരുത്തി.

# ഏഷ്യൻ ബിഷപ്സ് കോൺഫറൻസിന്റെ അമ്പതാമത് പൊതുസമ്മേളനം സമാപിച്ചു

ബാങ്കോക്ക്: ഏഷ്യൻ ബിഷപ്സ് കോൺഫറൻസിന്റെ അമ്പതാമത് പൊതുസമ്മേളനം തായ്‌ലാന്റിലെ ബാങ്കോക്കിൽ വെച്ചു നടന്നു. 19 ദിവസം നീണ്ടുനിന്ന ഈ ആത്മീയസമ്മേളനം ഒക്ടോബർ 30ന് അവസാനിച്ചു. 29 രാജ്യങ്ങളിൽ നിന്നായി 170 പ്രതിനിധികൾ പങ്കെടുത്ത ഈ മഹാസംഗമത്തിന്റെ പ്രധാന ഉദ്ദേശം ഫ്രാൻസിസ് മാർപാപ്പ ആഹ്വാനം ചെയ്തിരിക്കുന്ന "A Synodal Church: Communnion, Participation and Mission' എന്ന റോമിൽ ആരംഭിക്കുന്ന സിനഡിനെ കുറിച്ചുള്ള ആഴത്തിലുള്ള പഠനമായിരുന്നു.

പരിശുദ്ധാത്മാവിന്റെ പ്രചോദനങ്ങളോട് തുറവിയുള്ളവരാകാൻ പ്രാർത്ഥനയിലും ധ്യാനത്തിലും പഠനത്തിലും കൂട്ടായ്മയിലും ഏഷ്യൻ സഭ ഒന്നാകെ പരിശ്രമിച്ച ദിന ങ്ങളായിരുന്നു. ഏഷ്യൻ സഭയുടെ വിശ്വാസ സാഹചര്യങ്ങളക്കുറിച്ചും മുമ്പോട്ടുള്ള പ്രവർത്തനങ്ങളെക്കുറിച്ചും ആഴത്തിൽ ചർച്ചകൾ നടന്നു. സീറോമലബാർ സഭയിൽ നിന്ന് മേജർ ആർച്ച്ബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി, ആർച്ച്ബിഷപ് മാത്യു മൂലക്കാട്ട് OSB, ആർച്ച്ബിഷപ് ജോസഫ് പെരുന്തോട്ടം, ആർച്ച്ബിഷപ് ജോസഫ് പാംപ്ലാനി, ബിഷപ്പ് സെബാസ്റ്റ്യൻ വടക്കേൽ MST, ബിഷപ്പ് ജോസ് പൊരുന്നേടം, ബിഷപ്പ് ജോസ് ചിറ്റൂപ്പറമ്പിൽ CMI, ബിഷപ്പ് റാഫേൽ തട്ടിൽ, ബിഷപ്പ് റെമിജിയോസ് ഇഞ്ചനാനിയിൽ എന്നീ 9 പേരാണ് പ്രതിനിധികളായി പങ്കെടുത്തത്.

സീറോമലബാർ സഭയെ കുറിച്ചുള്ള 20 മിനുട്ട് നീണ്ടുനിൽക്കുന്ന വീഡിയോ പ്രസന്റേഷനിലൂടെയുള്ള റിപ്പോർട്ട് അവതരണം വിദേശ പ്രതിനിധികളുടെയുൾപ്പെടെ അഭിനന്ദനത്തിനർഹമായി.

# മതനേതാക്കൾ മനുഷ്യകുലത്തെ സേവിക്കുന്നവരാകണം: മാർപാപ്പ




മനാമ: സ്വകാര്യ താത്പര്യങ്ങളും യുദ്ധവും മുന്നിട്ടു നിൽക്കുന്ന ലോകത്തിൽ മതനേതാക്കൾ ഉത്തമമാതൃക നൽകുന്നവരും മുറിവേറ്റ മനുഷ്യമഹാകുടുംബത്തെ പ്രോത്സാഹിപ്പിക്കുന്നവരും പരിചരിക്കുന്നവരും ആകണമെന്നു ഫ്രാൻസിസ് മാർപാപ്പ. മനാമ നഗരത്തിലെ സാഖിർ കൊട്ടാരത്തിലുള്ള അൽ ഫിദാ ചത്വരത്തിൽ ബഹറിൻ സംവാദ സമിതിയുടെ സമാപനസമ്മേളനത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. പ്രസംഗത്തിൽ യുദ്ധത്തെ തള്ളിപ്പറഞ്ഞ അദ്ദേഹം, യഥാർഥ മതസ്വാതന്ത്ര്യത്തിൻറെ ആവശ്യകത ശക്തമായി അവതരിപ്പിച്ചു. സ്ത്രീകളുടെയും കുട്ടികളുടെയും മൗലികാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി വിദ്യാഭ്യാസരംഗത്തെ മുൻഗണനകൾ തിരുത്തണമെന്ന് അഭിപ്രായപ്പെട്ട മാർപാപ്പ, പൗരത്വസങ്കൽപ്പത്തെയും പരാമർശിച്ചു. 'കിഴക്കും പടിഞ്ഞാറും മനുഷ്യസഹവർത്തിത്വത്തിന്' എന്ന പ്രമേയത്തിൽ ഊന്നിയുള്ള സമ്മേളനത്തിലേക്കു തന്നെ ക്ഷണിച്ചതിനു മാർപാപ്പ നന്ദി പറഞ്ഞു. ഇന്നത്തെ മനുഷ്യകുടുംബം കൂടുതൽ വിഭജിതമായി കാണപ്പെടുന്നതായി അദ്ദേഹം വിലയിരുത്തി. ''ലോകയുദ്ധങ്ങൾക്കും യുദ്ധഭീഷണികൾക്കും ശേഷം ലോകം ഇപ്പോഴും ഒരു ചെങ്കുത്തായ കയറ്റത്തിൽ നില്ക്കുന്നതായി കാണപ്പെടുന്നു. എങ്കിലും നാം വീഴാൻ പാടില്ല. ഈ സാഹചര്യത്തിൽ മതനേതാക്കൾ ഉത്തമമാതൃക നൽകാൻ മുന്നോട്ടുവരണം. പ്രാർഥനയും അധ്യാപനവും പ്രവർത്തനവുമാണ് അവർ സജീവമാക്കേണ്ട മൂന്നു മേഖലകൾ.''

മതത്തിൻറെ പേരിലുള്ള അക്രമത്തെ മാർപാപ്പ അപലപിച്ചു. ഒരു മതം സമാധാനകാംക്ഷിയാണെന്നു പറഞ്ഞാൽപോരാ, സമാധാനം ഹനിക്കുന്നവരെ അപലപിക്കുകയും അസഹിഷ്ണുതയെ നേരിടുകയുംവേണം എന്ന് അദ്ദേഹം പറഞ്ഞു. സാഖിർ കൊട്ടാരത്തിലെ മോസ്കിൽവച്ച് ഫ്രാൻസിസ് മാർപാപ്പ ഇസ്‌ലാം മതനേതാക്കളെ അഭിസംബോധന ചെയ്തു. പ്രസ്തുത ചടങ്ങിൽ സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരിയും സന്നിഹിതനായിരുന്നു.










SYRO-MALABAR VISION - A NEWSLETTER PUBLISHED WITH THE APPROVAL OF THE SYRO-MALABAR SYNOD (PRIVATE CIRCULATIONS ONLY)
SYRO-MALABAR MEDIA COMMISSION, MOUNT ST. THOMAS, P.B. NO. 3110, KAKKANAD P.O., KOCHI - 682 030 | Email: syromalabarvision@gmail.com | Phone: +91 8089552280
Disclaimer: The views and opinions in various articles expressed in this newsletter are solely those of the authors alone.